# ഇടയലേഖനം

## പ്രേഷിതവർഷം- സഭാദിനം

**സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ**
**മാർ ജോർജ്ജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.**

**മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

ജൂലൈ 3-ന് നാം നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ആചരിക്കുകയാണല്ലോ. എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന് ഉദ്ഘോഷിച്ചുകൊണ്ട് ഈശോയിലും അവിടുന്നിലൂടെ കൈവന്ന രക്ഷയിലുമുള്ള വിശ്വാസം എറ്റുപറഞ്ഞ തോമ്മാശ്ലീഹാ സ്വന്തം ജീവരക്തം ചൊരിഞ്ഞതിന്റെ ഓർമ്മയാണ് ദുക്റാന. തോമ്മാശ്ലീഹാ ഭാരതമണ്ണിൽ സഭയ്ക്ക് അടിസ്ഥാനമിട്ടു. അതിനാൽ ദുക്റാനദിവസം സീറോ മലബാർ സഭയുടെ സഭാദിനം കൂടിയായി നാം ആഘോഷിക്കുകയാണ്. സഭ സ്വഭാവത്താൽ തന്നെ മിഷനറിയാണ്, പ്രേഷിതയാണ്, ജീവന്റെ സന്ദേശം പകർന്നുകൊടുക്കാൻ അയയ്ക്കപ്പെട്ടവളാണ്. ഒരു വ്യക്തിഗതസഭയായ സീറോ മലബാർ സഭയുടെയും സ്വഭാവവും ദൗത്യവും അതുതന്നെയാണ്.

ബനഡിക്ട് പതിനാറാമൻ മാർപാപ്പ നമ്മുടെ സഭയിലെ അഭിവന്ദ്യപിതാക്കന്മാരെ കാണുമ്പോൾ ആദ്യം പറയുന്നതു നമ്മുടെ സഭയുടെ പ്രേഷിതോന്മുഖതയെക്കുറിച്ചാണ്. പൗരസ്ത്യസഭകളിൽ പ്രേഷിത തീക്ഷ്ണതയിൽ ഏറെ മുന്നിലാണ് സീറോ മലബാർ സഭ. ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നുള്ള മിഷൻ പ്രവർത്തനം വഴി സഭയിലേക്കുവന്ന വിശ്വാസികൾക്കായി രൂപം കൊണ്ട തക്കല രൂപത നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ ഒന്നാംതരം തെളിവാണ്. ആധുനിക കാലഘട്ടത്തിൽ സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തനം വടക്കേ ഇന്ത്യയിലേക്ക് വ്യാപിക്കുന്നത് 1962-ൽ ഭാഗ്യസ്മരണാർഹനായ ജോൺ 23-ാമൻ മാർപ്പാപ്പയുടെ കല്പനപ്രകാരമാണ്. പരിശുദ്ധ സിംഹാസനം സീറോമലബാർ സഭയെ ആദ്യമായി ഏല്പിച്ച പ്രേഷിതരംഗം ഛാന്ദാമിഷനാണ്. അത് നാഗ്പൂർ അതിരൂപതയുടെ ഒരു ഭാഗമായിരുന്നു. നമ്മുടെ സഭയിലെ പ്രഥമ ഏതദ്ദേശീയ സന്യാസസമൂഹമായ സി. എം. ഐ സഭയാണ് ഛാന്ദാമിഷൻ ഏറ്റെടുത്തു പ്രവർത്തിച്ചത്. അവിഭക്തഛാന്ദാമിഷൻ ആരംഭിച്ചിട്ട് 2012-ൽ 50 വർഷം പൂർത്തിയാകുകയാണ്. ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി എങ്ങനെയാണ് ആചരിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ സിനഡ് ചർച്ചകൾ നടത്തുകയുണ്ടായി. ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി ഒരു മിഷൻ രൂപതയുടെ മാത്രം ജൂബിലി എന്നതിനെക്കാൾ സീറോ മലബാർ സഭയുടെ പ്രേഷിതവിളിയെയും ദൗത്യത്തെയും കുറിച്ച് ആഴത്തിൽ ചിന്തിക്കാനും നവോന്മേഷത്തോടെ ഈ ദൗത്യം ഏറ്റെടുക്കാനുമുള്ള ഒരവസരമായിട്ടാണ് സിനഡുപിതാക്കന്മാർ കണ്ടത്. ഇതിൻപ്രകാരം ഛാന്ദാമിഷന്റെ സുവർണ്ണജൂബിലി സീറോ മലബാർ സഭ മുഴുവനിലും 2011 ഓഗസ്റ്റ് 15 മുതൽ 2012 ഓഗസ്റ്റ് 15 വരെ പ്രേഷിതവർഷമായി ആചരിക്കാൻ തീരുമാനിച്ചത് ഇതിനകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ (ഡിക്രി - Prot. No: 40/2011).

പ്രേഷിതവർഷത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സഭയുടെ പ്രേഷിതവിളിയെയും ദൗത്യത്തെയും സംബന്ധിച്ച് പ്രധാനപ്പെട്ട ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നു. റോമിലും അന്ത്യോക്യായിലുമെല്ലാം സഭ രൂപംകൊണ്ട അതേ കാലഘട്ടത്തിൽത്തന്നെ അപ്പസ്തോലനായ തോമ്മാശ്ലീഹായിൽനിന്ന് നമുക്കും വിശ്വാസവെളിച്ചം ലഭിച്ചുവെന്നത് വലിയ ദൈവപരിപാലനയാണ്. 'നമുക്കും അവനോടുകൂടെ പോയി മരിക്കാം' എന്ന ദൃഢനിശ്ചയമാണ് നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായെ ഭാരതത്തിലേക്കാനയിച്ചത്. നമ്മുടെ പിതാവിന്റെ ഈ പ്രേഷിതതീക്ഷ്ണത തന്നെയാണ് ഈ കാലഘട്ടത്തിൽ നമ്മെയും നയിക്കേണ്ടത്.

വിദേശാധിപത്യത്തിലൂടെ നമ്മുടെ സഭയുടെ വളർച്ചയ്ക്ക് വളരെയേറെ പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്. മാർതോമ്മാ ക്രിസ്ത്യാനികളുടെ ഭിന്നിപ്പും സഭയുടെ പ്രവർത്തന സ്വാതന്ത്ര്യം കേരളത്തിൽ

മാത്രമായി ചുരുക്കിയതും നമ്മുടെ സഭയുടെ വളർച്ചയെയും പ്രേഷിതപ്രവർത്തനത്തെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ടുകൂടിയാണ് 18-ാം നൂറ്റാണ്ടു വരെ പ്രേഷിതമേഖലയിൽ സഭയ്ക്ക് കാര്യമായ സംഭാവനകൾ ചെയ്യാൻ സാധിക്കാതെ പോയത്. 1831-ൽ സി.എം.ഐ സഭയുടെ തുടക്കം സീറോ മലബാർ സഭയുടെ മിഷനറി വളർച്ചയിലെ ഒരു നാഴികക്കല്ലാണ്. 1887 മെയ് 20-ന് സീറോ മലബാർ സഭയ്ക്ക് കൈവന്ന സഭാത്മകമായ പ്രവർത്തന സ്വാതന്ത്ര്യത്തിന്റെ 125-ാം വർഷവും കോട്ടയം രൂപതയുടെ സ്ഥാപനത്തിന്റെ 100-ാം വർഷവും പ്രേഷിതവർഷത്തോടനുബന്ധിച്ച് ആചരിക്കുന്നതും ഏറെ പ്രസക്തമാണ്. 1923-ൽ സീറോ മലബാർ ഹൈരാർക്കി സ്ഥാപിതമായതോടുകൂടെയാണ് നമ്മുടെ സഭയുടെ വളർച്ചയും പുരോഗതിയും ത്വരിതഗതിയിലായത്. മലബാറിലേക്കും തമിഴ്നാട്ടിലേക്കും കർണാടകത്തിലേക്കുമുള്ള സീറോ മലബാർ സഭയുടെ വളർച്ച എത്രയോ വലുതാണെന്ന് ഇന്ന് അവിടെയുള്ള ഒൻപത് രൂപതകൾ (തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, പാലക്കാട്, തക്കല, ബൽത്തങ്ങാടി, ഭദ്രാവതി, മണ്ഡ്യ, രാമനാഥപുരം) സാക്ഷ്യപ്പെടുത്തുന്നു.

ഛാന്ദാമിഷന്റെ സ്ഥാപനത്തെതുടർന്ന് സാഗർ (1968), ഉജ്ജെയിൻ (1968), സത്ന (1968), ജഗദൽപ്പൂർ (1977), ബിജ്നോർ (1977), രാജ്കോട്ട് (1977), ഗോരഖ്പൂർ (1984), അദിലാബാദ് (1999) രൂപതകൾ സി.എം.ഐ, എം. എസ്. ടി, വിൻസെൻഷ്യൻ, സി. എസ്. ടി എന്നീ സമൂഹങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തനനിരതമായി. പ്രവാസികളായ നമ്മുടെ സഭാതനയർക്ക് വേണ്ടി ഇന്ത്യയിൽ കല്യാൺ രൂപതയും (1988) ഇന്ത്യക്ക് പുറത്ത് ഷിക്കാഗോ രൂപതയും (2001) ഉണ്ടായി എന്നത് നമ്മുടെ സഭയുടെ ക്രമാനുഗതമായ വളർച്ചയെയാണ് സൂചിപ്പിക്കുന്നത്.

സീറോ മലബാർസഭയിൽനിന്ന് ഉദയം ചെയ്ത സന്യാസസമൂഹങ്ങളുടെയും സെന്റ് തോമസ് മിഷനറി സൊസൈറ്റി പോലെയുള്ള പ്രേഷിതസമൂഹങ്ങളുടെയും സംഭാവന നമ്മുടെ മിഷനറി പ്രവർത്തനത്തിന് ശക്തിപകർന്നു. 'ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന ലിയോ പതിമൂന്നാമൻ മാർപ്പാപ്പായുടെ മുദ്രാവാക്യം സീറോ മലബാർ സഭ എത്ര ആത്മാർത്ഥതയോടെണ് സ്വീകരിച്ചത് എന്ന് സഭയുടെ ഇന്നത്തെ ചരിത്രം വ്യക്തമാക്കുന്നു. ഭാരതത്തിനുള്ളിലും വെളിയിലും മിഷൻ പ്രവർത്തനത്തിനു പോകുന്നതിന് ചെറുപുഷ്പമിഷൻലീഗ് പോലുള്ള അല്മായ പ്രസ്ഥാനങ്ങൾ ചെയ്തിട്ടുള്ള ശുശ്രൂഷ എത്രയോ ധന്യമാണ്! ഇന്ന് മിഷനറി ദൈവവിളികൾ ഭാരത സഭയ്ക്കും സാർവ്വത്രിക സഭയ്ക്കും സമ്മാനിക്കുന്ന ഈറ്റില്ലമാണ് നമ്മുടെ സഭ.





സീറോ മലബാർ സഭയിലൂടെ മാത്രമല്ല നമ്മുടെ സഭയുടെ മക്കൾ പ്രേഷിതപ്രവർത്തനം നടത്തുന്നത്. ഭാരതത്തിലെ ലത്തീൻ സഭയിലും മലങ്കരസഭയിലും നമ്മുടെ നിരവധി സന്താനങ്ങൾ ഭാരതത്തിന്റെ സുവിശേഷവത്കരണത്തിനായി അക്ഷീണം യത്നിക്കുന്നുണ്ട്. കൂടാതെ ഏഷ്യ, യൂറോപ്പ്, അമേരിക്ക, ലത്തീൻ അമേരിക്ക, ആഫ്രിക്ക, ഓസ്ട്രേലിയാ എന്നീ മിഷൻ രംഗങ്ങളിലും നമ്മുടെ സഭയുടെ തനയർ വളരെ സജീവരാണ്. ഇവയെല്ലാം ഓർത്ത് ദൈവത്തിനു നന്ദി പറയുവാൻ ദൈവം ഒരുക്കുന്ന അവസരമാണ് ഈ പ്രേഷിത വർഷം.

മിഷനറിപ്രവർത്തനം ഏതാനും വൈദികർക്കും സമർപ്പിതർക്കും വേണ്ടിമാത്രം മാറ്റിവെയ്ക്കപ്പെട്ട ശുശ്രൂഷയല്ല. മാമ്മോദീസയിലൂടെ സഭാശരീരത്തോടു ചേർക്കപ്പെടുന്ന ഓരോ ക്രിസ്ത്യാനിയും ഈശോയുടെ ശിഷ്യന്മാരെപ്പോലെ അയയ്ക്കപ്പെട്ട വ്യക്തി കൂടിയാണ് (യോഹ 3:16, മർക്കോ 3:14-16, മർക്കോ 16:15, മത്താ 28:19, ലൂക്കാ 26: 46-49, യോഹ 20:21, നട 1:8). അതുകൊണ്ടാണ് സഭ പ്രകൃത്യാ പ്രേഷിതയാണെന്നു പറയുന്നത് (LG 17, AG 2, 9, 23). സഭ വിളിക്കപ്പെട്ടിരിക്കുന്നത് അയയ്ക്കപ്പെടാൻ വേണ്ടിയാണ്. മിഷനറി ദൗത്യം നിർവ്വഹിക്കാത്ത ക്രിസ്തുശിഷ്യർ കായ്ക്കാത്ത അത്തിമരങ്ങൾ പോലെയാണ്. സഭാഗാത്രത്തെ പടുത്തുയർത്തുന്നവരാണ് യഥാർത്ഥ ക്രൈസ്തവർ എന്ന കാര്യം മറക്കാതിരിക്കാം.

സ്വന്തം ജീവിതം സുവിശേഷത്തിന്റെ സാക്ഷ്യമാക്കിക്കൊണ്ടാണ് ക്രൈസ്തവർ അടിസ്ഥാനപരമായി മിഷനറിമാരാകേണ്ടത്. നമ്മുടെ ജീവിതം പീഠത്തിന്മേൽ വയ്ക്കപ്പെട്ട വിളക്കുപോലെയാകണം. സ്വന്തം ജീവിതാവസ്ഥയനുസരിച്ച് ജീവിതസാഹചര്യങ്ങളിൽ ക്രിസ്തുവിന് സാക്ഷികളാകുന്നതാണ് സുവിശേഷത്തിന്റെ ആധികാരികമായ പ്രഘോഷണം. ഓരോ കുടുംബവും അങ്ങനെ പ്രേഷിതമുന്നേറ്റത്തിന്റെ ശക്തമായ വയലേലയായി മാറട്ടെ. ഓരോ കുടുംബവും ഗാർഹികസ

ഭയാണ്. മക്കളെ വിശ്വാസമൂല്യങ്ങളിലും സഭാപൈതൃകങ്ങളിലും സഭാസ്നേഹത്തിലും വളർത്തുവാൻ മാതാപിതാക്കൾക്ക് കടമയുണ്ട്. അവരതു നിർവ്വഹിക്കുമ്പോൾ കുടുംബങ്ങളിൽ പ്രേഷിതോന്മുഖതയുണ്ടാകും, പ്രേഷിതദൈവവിളിക്കുള്ള അന്തരീക്ഷം ഉണ്ടാകുകയും ചെയ്യും.

മിഷൻ പ്രവർത്തനം നിരവധിയായ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഏറ്റവും കഠിനമായ വെല്ലുവിളി നമ്മുടെ സഭയിലും ദൈവവിളികൾ കുറയുന്നുവെന്നതാണ്. ഈ സ്ഥിതിവിശേഷത്തിന് കാരണമാകുന്നത് കുടുംബങ്ങളിലെ വിശ്വാസത്തകർച്ച, പ്രാർത്ഥനാജീവിതത്തിന്റെ അഭാവം, മക്കളുടെ എണ്ണക്കുറവ്, സമർപ്പിതരെക്കുറിച്ചുള്ള നിഷേധാത്മകമായ വിമർശനങ്ങൾ, മിഷനറിമാർ നേരിടുന്ന പ്രതിസന്ധികളെ ഭയന്ന് പിന്മാറാനുള്ള പ്രവണത മുതലായവയാണ്. ഇവയെല്ലാം നാം എങ്ങനെ പരിഹരിക്കുമെന്നതിനെ ആശ്രയിച്ചിരിക്കും പ്രേഷിതപ്രവർത്തനത്തിന്റെ മുന്നോട്ടുള്ള ഗതി.

നമ്മുടെ സഭയുടെ പ്രതിനിധികളായി മിഷൻ രംഗത്ത് ജോലി ചെയ്യുന്നവരെ ഏറെ ആദരവോടും അഭിമാനത്തോടും കൂടെ സ്വീകരിക്കാനും പ്രോത്സാഹിപ്പിക്കാനും നമുക്ക് കഴിയണം. അവർ അവധിക്കാലങ്ങളിൽ വരുമ്പോൾ നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സമൂഹങ്ങളിലും സ്ഥാപനങ്ങളിലും അവരെ സ്വീകരിക്കാനും ആദരിക്കാനും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനും അവസരങ്ങൾ ഒരുക്കണം. അവർക്ക് നല്കുന്ന പ്രോത്സാഹനം പുതിയ തലമുറയ്ക്ക് അവരെ പിന്തുടരാൻ പ്രചോദനമാകും. കേരളത്തിലെ സീറോ മലബാർ രൂപതകൾ മാതൃസഭ എന്ന നിലയിൽ മിഷനെ ആളുകൊണ്ടും അർത്ഥം കൊണ്ടും സഹായിക്കേണ്ടതുണ്ട്. നമ്മുടെ സഭയിലെ പള്ളികളും സ്ഥാപനങ്ങളും വ്യക്തികളും കുടുംബങ്ങളും കേരളത്തിനു പുറത്തുള്ള മിഷൻ പ്രദേശങ്ങളെ ദത്തെടുക്കാനും പ്രാർത്ഥന, പരിത്യാഗങ്ങൾ, സമ്പത്ത് എന്നിവകൊണ്ടു പ്രോത്സാഹിപ്പിക്കാനും മുന്നോട്ട് വരണം. നമ്മുടെ മിഷനറിമാർ പ്രവർത്തിക്കുന്ന സ്ഥലങ്ങളിലേക്ക് ഇടവകകളിൽനിന്നും പ്രസ്ഥാനങ്ങളിൽനിന്നും മിഷനറിയാത്ര നടത്തുന്നത് നല്ലതാണ്. അവരുടെ പ്രവർത്തനം നേരിട്ടു കാണുകയും അവരുടെ ആവശ്യങ്ങളും അവശതകളും മനസ്സിലാക്കുകയും ചെയ്യുന്നത് അവരെ പ്രോത്സാഹിപ്പിക്കാൻ പ്രേരണയാകുമല്ലോ. അതുപോലെ തന്നെ മിഷൻ രംഗത്തുള്ള ജനങ്ങളെ നമ്മുടെ നാട്ടിലേക്കും കുടുംബ





ങ്ങളിലേക്കും സന്ദർശകരായി സ്വീകരിക്കുന്നത് അവർക്ക് മാതൃസഭയുടെ വിശ്വാസശൈലി നേരിട്ട് അനുഭവിക്കാനും ആഴപ്പെടാനും സഹായകമാകും.

പ്രേഷിതവർഷത്തിന്റെ ചില പരിപാടികളെക്കുറിച്ചുകൂടി പറഞ്ഞുകൊള്ളട്ടെ. രൂപതാതല ഉദ്ഘാടനം അതതു രൂപതകളിൽ വച്ചാണ് നടത്തേണ്ടത്. 2011 ഓഗസ്റ്റ് 15-ാം തീയതി എല്ലാ ഭദ്രാസനദേവാലയങ്ങളിലും രൂപതാധ്യക്ഷന്റെ നേതൃത്വത്തിൽ ആഘോഷപൂർവകമായ വിശുദ്ധ കുർബാനയോടുകൂടെയാണ് പ്രേഷിതവർഷം ഉദ്ഘാടനം ചെയ്യേണ്ടത്. എല്ലാ കത്തീഡ്രലുകളിലും ഇതോടനുബന്ധിച്ച് പ്രേഷിതവർഷദീപം തെളിക്കണം. ഓരോ ഇടവകയിലും എല്ലാ സ്ഥാപനങ്ങളിലും പ്രേഷിതവർഷം അർത്ഥവത്തായ വിധത്തിൽ ഉദ്ഘാടനം ചെയ്യാൻ രൂപതകൾ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുമല്ലോ.

2011 ഓഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായുടെ ആഗമനം കൊണ്ട് പവിത്രമായ കൊടുങ്ങല്ലൂരിലെ അഴീക്കോടുള്ള മാർതോമ്മാ തീർത്ഥകേന്ദ്രത്തിൽ വച്ച് നമ്മുടെ എല്ലാ അഭിവന്ദ്യപിതാക്കന്മാരുടെയും കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നുണ്ട്. ഇതിനു വേണ്ട നേതൃത്വവും ക്രമീകരണവും ഇരിങ്ങാലക്കുട രൂപതയാണ് നിർവഹിക്കുന്നത്. തദവസരത്തിൽ നമ്മുടെ എല്ലാ രൂപതകളിൽനിന്നും പ്രതിനിധികളെ അയയ്ക്കുന്നത് നന്നായിരിക്കും. പ്രേഷിതവർഷത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികൾക്ക് രൂപം കൊടുക്കാനും നടപ്പാക്കാനും സുവിശേഷവത്കരണത്തിനും പ്രവാസികളുടെ ശുശ്രൂഷയ്ക്കും വേണ്ടിയുള്ള മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കമ്മീഷനെയാണ് ഭരമേല്പിച്ചിരിക്കുന്നത്. ഈ കമ്മീഷന്റെ ചുമതല വഹിക്കുന്ന മൂന്ന് അഭിവന്ദ്യ പിതാക്കന്മാരുണ്ട്. അവരെ കൂടാതെ സിനഡ് തെരഞ്ഞെടുത്ത മറ്റ് രണ്ടു പിതാക്കന്മാരും എല്ലാ രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരും ഉൾക്കൊള്ളുന്ന ഒരു സെൻട്രൽ കമ്മിറ്റിയുമുണ്ട്. ഈ കമ്മിറ്റി വഴി ലഭിക്കുന്ന കർമ്മപദ്ധതികളും മറ്റു നിർദ്ദേശങ്ങളും നാമെല്ലാവരും സ്വീകരിച്ച് നടപ്പാക്കിയാലേ പ്രേഷിതവർഷം വിജയിക്കുകയുള്ളൂ. മിഷനറിമാരുടെ സംഗമങ്ങൾ, അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ, പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ചുള്ള ബോധവത്കരണ പഠനക്കളരികൾ, ധ്യാനം, സെമിനാറു

കൾ, മിഷൻ ക്വിസ്, ചർച്ചകൾ, ഉപന്യാസമത്സരം, മിഷൻപ്രവർത്തന ങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു ഫണ്ട് സ്വരൂപിക്കൽ എന്നിവ പ്രേഷിതവർഷ കർമ്മപരിപാടികളുടെ ഭാഗമായി നടപ്പാക്കാൻ ഇടവ കതലത്തിലും രൂപതാതലത്തിലും പരിശ്രമിക്കേണ്ടതാണ്. ഈ പരി പാടികളെല്ലാം ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നത് പ്രേഷിതചൈ തന്യത്തെ ഉണർത്തികൊണ്ടുള്ള സഭയുടെ ആത്മീയനവീകരണം തന്നെയായിരിക്കണം.

മിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരങ്ങളേ, ഈശോ യാണ് ഏറ്റവും വലിയ മിഷനറി. പിതാവിന്റെ സ്നേഹം നമ്മെ അറി യിക്കാനും ആ സ്നേഹത്തിലേക്ക് നമ്മെ ക്ഷണിക്കാനും അയയ്ക്ക പ്പെട്ട മിഷനറിയായിരുന്നു ഈശോ (യോഹ 3:16). ഈശോയുടെ പ്രേഷി തദൗത്യത്തിൽ സഹകരിക്കാനും അവിടത്തെ ദൗത്യം തുടരാനുമാണ് ഈശോ അപ്പസ്തോലൻമാരെ വിളിച്ചത് (മർക്കോ 3:14-16). ഈശോ അവരെ ഭരമേല്പിച്ച മൗലികമായ ഉത്തരവാദിത്വം സുവിശേഷം പ്രസം ഗിക്കുകയും (മാർക്കോ 16:15) വിശ്വസിക്കുന്നവരെ ശിഷ്യപ്പെടുത്തി സഭ സ്ഥാപിക്കുകയും ചെയ്യുകയെന്നതാണ് (മത്താ 28:19, ലൂക്കാ 26: 46-49, യോഹ 20:21, നട 1:8). ഈ ഉത്തരവാദിത്വം നമ്മുടെ കാലഘട്ട ത്തിലും സാഹചര്യങ്ങളിലും തുടരാൻ നാം നടത്തുന്ന ശുശ്രൂഷക ളാണ് പ്രേഷിതപ്രവർത്തനം. നമ്മുടെ വിശ്വാസത്തോടുള്ള കട പ്പാടിൽനിന്നും കൃതജ്ഞതയിൽനിന്നുമാണ് അതു ഉണ്ടാകേണ്ടത്. സീറോ മലബാർ സഭ പ്രേഷിതരംഗങ്ങളിൽ ചെയ്തിട്ടുള്ളതും ചെയ്യു ന്നതുമായ എല്ലാ ശുശ്രൂഷകളെയും ഓർത്ത് ഈ വർഷത്തിൽ നമുക്ക് ദൈവത്തിനു പ്രത്യേകം നന്ദിയർപ്പിക്കാം. പ്രേഷിതവർഷം നമ്മുടെ സഭയിൽ ആവേശോജ്ജ്വലമായ ഒരു പുതിയ പന്തക്കുസ്തായ്ക്ക് തുടക്കം കുറിക്കാൻ കാരണമാകട്ടെ. പ്രാർത്ഥനകൊണ്ടും സമ്പത്തുകൊണ്ടും ജീവിതസാക്ഷ്യംകൊണ്ടും മിഷൻപ്രവർത്തനത്തെ കൂടുതൽ സജീവമാക്കാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. അതോടൊപ്പം സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കായി സഭാദിന ത്തോടനുബന്ധിച്ച് നടത്തുന്ന സാമ്പത്തിക സമാഹരണത്തിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും ദുക്റാനത്തിരുനാളിന്റെ ആശംസകൾ! മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിതചൈതന്യം പ്രേഷിതവർഷാചരണത്തിലൂടെ എല്ലാവരിലും നിറയട്ടെ. പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ തോമ്മാശ്ലീഹായുടെയും വിശുദ്ധ അൽഫോൻസാമ്മയുടെയും മാദ്ധ്യസ്ഥ്യം നിങ്ങൾക്കേവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമ ത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബി ഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2011 ജൂൺ 10-ന് നല്കപ്പെട്ടത്.

**മാർ ജോർജ്ജ് ആലഞ്ചേരി**

സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്.

---

N.B : ഈ ഇടയലേഖനം ജൂലൈ 3-ാം തീയതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാ നയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

---

333/2011
25-06-2011

# വിജ്ഞാപനം - 104

# യുവജനദിനം

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

മാർതോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച (ജൂലൈ 10) ആണല്ലോ കേരളസഭ യുവജനദിനമായി ആചരിക്കുന്നത്. വിശ്വാസതീക്ഷ്ണതയിൽ വളരുന്നതിനും ആ വിശ്വാസം മറ്റുള്ളവരിലേക്ക്, പ്രത്യേകിച്ച്, സമപ്രായക്കാരിലേക്ക് കൈമാറുന്നതിനുമുള്ള ഉത്തരവാദിത്വം യുവജനങ്ങളിൽ ജനിപ്പിക്കു കയാണ് യുവജനദിനത്തിന്റെ ഒരു വലിയ ലക്ഷ്യം. യുവജനദിനം പ്രമാ ണിച്ച് .കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിച്ച സെർക്കുല റിലെ പ്രധാന ആശയങ്ങൾ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടു ത്തുന്നു.

ഈ ആഗസ്റ്റ് മാസത്തിൽ സ്പെയിനിലെ മാഡ്രിഡിൽ വച്ചുനടക്കുന്ന 26-ാം ലോകയുവജനദിനത്തിന്റെ മുഖ്യ വിഷയമായി പരിശുദ്ധ പിതാവ് ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ തിരഞ്ഞെടുത്തിരിക്കുന്നത് "യേശുക്രിസ്തുവിൽ വേരുറപ്പിക്കപ്പെട്ടും പണിതുയർത്തപ്പെട്ടും നിങ്ങൾ സ്വീകരിച്ച വിശ്വാസത്തിൽ ദൃഢത പ്രാപിക്കുവിൻ" (കൊളോ. 2:7) എന്നതാണ്. ദൈവത്തിൽ ശരണപ്പെട്ട് ദൈവവചനത്തിൽ വീടുപണിത വിശുദ്ധരുടെ ജീവിത മാതൃക അനുകരിച്ച് ക്രിസ്തുവിൽ ആഴപ്പെടാൻ പരിശുദ്ധ പിതാവ് യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു. ആഴത്തിൽ അടിത്തറയിട്ടാലേ ഉറപ്പുള്ള സൗധം പണിതുയർത്താനാകൂ എന്നതു സുവിദിതമാണല്ലോ. ദൈവത്തിന്റെ വിളികേട്ട് അതിനോട് പ്രത്യുത്തരിക്കുന്നതുവഴിയാണു നല്ല അടിത്തറ ഇടുന്നതും നന്നായി പണിയുന്നതുമെന്ന കാര്യം യുവജനങ്ങൾക്കു നല്ല ബോധ്യം ഉണ്ടായിരിക്കണം.

2012 ഒക്ടോബർ 7-28 വരെ റോമിൽ ചേരുന്ന മെത്രാന്മാരുടെ സിനഡിന്റെ വിഷയം 'ക്രൈസ്തവ വിശ്വാസകൈമാറ്റത്തിനു നവ സുവിശേഷവത്കരണം' എന്നതാണ് . ക്രൈസ്തവ സമൂഹത്തിലുണ്ടാകേണ്ട നവസുവിശേഷവത്കരണത്തെ സംബന്ധിച്ച് ആദ്യം പ്രതിപാദിച്ചത് യുവജനങ്ങളുടെ വലിയ സുഹൃത്തായ വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പയായിരുന്നു (cf. അത്മായ വിശ്വാസികൾ-34). ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പയും 'നവസുവിശേഷവത്കരണ'ത്തിന് കൂടുതൽ പ്രാധാന്യം നല്കാൻ ആഗ്രഹിക്കുന്നു.

ക്രൈസ്തവ സമൂഹം തന്നെയാണ് നവസുവിശേഷവത്കരണത്തിന്റെ ലക്ഷ്യം. സുവിശേഷമൂല്യങ്ങൾക്കനുസരിച്ചുള്ള ജീവിതത്തിനു വന്നിരിക്കുന്ന ശോഷണം തിരുത്താനുള്ള ശ്രമമാണു മുഖ്യമായും നമുക്കുണ്ടാകേണ്ടത്. ആദിമ ചൈതന്യത്തിലേക്കുള്ള തിരിച്ചു പോകൽ അതിന് അത്യന്താപേക്ഷിതമാണ്. മാറിവരുന്ന സാഹചര്യങ്ങളോടും അവസ്ഥകളോടും പ്രത്യുത്തരിക്കാനും പുതിയ വഴികൾ വെട്ടിത്തുറക്കാനുമുള്ള ധീരതയും വേണം. ആത്മീയശക്തികൊണ്ട് നിറഞ്ഞ യുവജനങ്ങൾക്കതു സാധിക്കും. സുവിശേഷം വായിച്ച് അതു ജീവിതത്തിൽ പകർത്താൻ യുവജനങ്ങൾ സന്നദ്ധരാകണം.

മാതാപിതാക്കൾ നല്കുന്ന ആത്മീയ, ഭൗതിക സുരക്ഷിതത്വത്തിലും വിശ്വാസം പരിപോഷിപ്പിക്കപ്പെടുന്ന ഇടവക സംവിധാനത്തിലും നിന്നു നമ്മുടെ യുവജനങ്ങൾ പല സ്ഥലങ്ങളിലേക്ക് പഠനത്തിനും ജോലിക്കുമായി പോകുമ്പോൾ അവിടെ അവർക്ക് വിശ്വാസത്തിനും ധാർമ്മികതയ്ക്കും ചേർന്ന സാഹചര്യമുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തണം. ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ മാസ്മരികതയിലേക്കും ഇന്റർനെറ്റിലെ നല്ല അറിവിന്റെ പരിധികൾക്കപ്പുറത്തുള്ള അനന്തസാദ്ധ്യതകളിലേക്കും അനേകം മറ്റു കൗതുകങ്ങളിലേക്കും നിരീശ്വരപ്രസ്ഥാനങ്ങളിലേക്കും അധാർമ്മികപ്രവർത്തനങ്ങളിലേക്കും മദ്യ-മയക്കുമരുന്നുകളിലേക്കും ആകൃഷ്ടരായി വിശ്വാസത്തിൽ ഇടർച്ചയുണ്ടാകാനും ജീവിതം താളം തെറ്റാനുമുള്ള സാഹചര്യങ്ങൾ ഇന്ന് വളരെയേറെയുണ്ട്. അപ്പോൾ നമ്മുടെ യുവജനങ്ങളെ കത്തോലിക്കാ വിശ്വാസസമൂഹവുമായി ബന്ധപ്പെടുത്തി നിറുത്താൻ ശ്രദ്ധിക്കുന്നതിന്റെ ആവശ്യകത കൂടുതൽ വ്യക്തമാകുകയാണ്.





സാമൂഹികമായ മാറ്റം ഉൾക്കൊണ്ടുകൊണ്ട് കത്തോലിക്കായുവജനസംഘടനകളുടെ പ്രവർത്തനം കൂടുതൽ സജ്ജീവമാക്കണം. കെ.സി.വൈ.എം. പോലുള്ള യുവജനസംഘടനകൾ ഓരോ ഇടവകയിലും എല്ലാ യുവജനങ്ങളെയും ഉൾക്കൊള്ളത്തക്കവിധം കൂടുതൽ പ്രവർത്തനക്ഷമമാവുകയും വേണം. മാതാപിതാക്കൾ മക്കളെ നമ്മുടെ യുവജനപ്രസ്ഥാനങ്ങളിൽ അംഗങ്ങളാക്കുന്നതിൽ തത്പരരാകണം. യുവജനങ്ങൾ തങ്ങളുടെ ബുദ്ധിയും സമ്പത്തും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പങ്കുവയ്ക്കാനുതകുന്ന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കേണ്ടത്. ഇടവകതലത്തിൽ യുവജനമതബോധനം, യുവജനധ്യാനങ്ങൾ, പ്രാർത്ഥനാസമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കണം. കുമ്പസാരിക്കാനും ദിവ്യകാരുണ്യം സ്വീകരിക്കാനും യുവജനങ്ങളെ പ്രോത്സാഹിപ്പിക്കണം. വഴിതെറ്റാതിരിക്കാനും ഇനി വഴിതെറ്റാനിടയായാൽ തിരിച്ചുവരാനും അതു സഹായിക്കുമല്ലോ. വൈയക്തികവും സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും ആത്മീയവുമായ രൂപീകരണത്തിലൂടെ യുവജനങ്ങളുടെ ശക്തീകരണം നടക്കണം.

യുവജനശുശ്രൂഷ ഫലപ്രദമായി നടക്കുവാൻ എല്ലാസഭാംഗങ്ങളും പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുമല്ലോ. യുവജനങ്ങൾക്കു വേണ്ടി ചെലവഴിക്കുന്ന സമ്പത്ത് ഭാവിയിലേയ്ക്കുള്ള മുതൽക്കൂട്ടാണെന്ന് നാം അറിഞ്ഞിരിക്കണം. ഇടവകകളും രൂപതകളും സ്ഥാപനങ്ങളും യുവജനദിനം സമുചിതമായി ആചരിക്കണം. യുവജനദിന

ത്തിൽ എല്ലാ ഇടവകകളിലും യുവജനങ്ങൾക്കുവേണ്ടി പ്രത്യേകമായി ദിവ്യബലി അർപ്പിക്കുകയും യുവജനമുന്നേറ്റത്തിനു പ്രചോദനമേകുന്ന പരിപാടികൾ ക്രമീകരിക്കുകയും ചെയ്യുന്നത് ഉചിതമാണ്. യുവജനങ്ങളെ ആദരിക്കാനും അവരിലാണ് നമ്മുടെ പ്രതീക്ഷയെന്ന് അവരെ അറിയിക്കാനുമുള്ള ഏറ്റവും പറ്റിയ അവസരമാണിത്.

വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പ 1986 ഫെബ്രുവരി 10-ന് ബോംബെയിൽ വച്ച് ഇന്ത്യയിലെ യുവജനങ്ങൾക്ക് നല്കിയ സന്ദേശം ഉദ്ധരിച്ചുകൊണ്ട് ഉപസംഹരിക്കാം. "പ്രിയപ്പെട്ട യുവജനങ്ങളേ, ജീവിതത്തിന്റെ ലക്ഷ്യം വ്യക്തമാക്കികൊണ്ട് ലോകത്തിലെ പ്രശ്നങ്ങളെന്തെന്നറിയാൻ സഭ നിങ്ങളെ സഹായിക്കും. മനുഷ്യമഹത്ത്വത്തെ ഊന്നിപ്പറഞ്ഞുകൊണ്ടും മനുഷ്യവംശത്തെപ്പറ്റി സഭയ്ക്കുള്ള ധാരണ നിങ്ങളുമായി പങ്കുവച്ചുകൊണ്ടും അപ്രകാരം ചെയ്യും. ഓരോ ഘട്ടത്തിലും സഭ നിങ്ങളോടൊപ്പം നില്ക്കുകയും നിങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. സർവ്വോപരി ജീവിതപ്രശ്നങ്ങളെ നേരിടാനുള്ള മാർഗങ്ങൾ നിങ്ങൾക്കു നല്കും. മറ്റു വാക്കുകളിൽ പറഞ്ഞാൽ, സഭ നിങ്ങൾക്ക് ക്രിസ്തുവിനെ നല്കും. ക്രിസ്തുവിനോട് ഐക്യപ്പെട്ടും അവിടത്തെ സ്നേഹത്തിലും നിലനില്ക്കാൻ സഭ നിങ്ങളെ നിർബന്ധിക്കും. ജീവിതത്തിലെ വിജയങ്ങളും പരാജയങ്ങളും അധിനിവേശങ്ങളും പ്രശാന്തതയോടെ നേരിടാൻ നിങ്ങളെ സജ്ജരാക്കും. നിങ്ങളുടെ ആവേശവും സാമർത്ഥ്യവും ആദർശനിഷ്ഠയും നിങ്ങളുടെ അയൽക്കാരുടെയും ഭാരതത്തിന്റെയും ലോകത്തിന്റെയും ഉപകാരത്തിനായി ഉപയോഗിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ".

ദൈവം യുവജനങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പയോടുചേർന്ന് നമുക്ക് പ്രാർത്ഥിക്കാം. എല്ലാവർക്കും യുവജനദിനത്തിന്റെ മംഗളങ്ങൾ ഞാൻ ഹൃദയപൂർവ്വം നേരുന്നു.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ വിജ്ഞാപനം **ജൂലൈ 10-ാം** തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





2011



# BISHOP'S Engagements

| | | |
|---|---|---|
| **JULY** | | |
| 17 | | Returns form Rome |
| 23 | | CRI Meeting, Mercy College |
| 25 | | Monthly Recollection |
| 26 | | Meeting, Paalana Hospital |
| 28 | | St. Mary's Minor Seminary, Kallepully |
| 30 | | HM Conference, Pastoral Centre |
| | PM | St. Thomas Convent Jubilee, Olavakkode |
| 31 | | Poriyani, Mundur |
| **AUGUST** | | |
| 3 | AM | Mt. St. Thomas, Kakkanad |
| | PM | Pre-Cana Course |
| 4 | | Sehion Retreat Centre, Thavalam |
| 6 | | Vestition, CHF Provincial House, Mundur |
| 8 - 12 | | KCBC - Bishops' Retreat |
| 13 | | Meeting of Kaikkars & Pastoral Council, Pastoral Centre. |
| 15 | AM | Christ the King Church, Nemmara |
| | PM | St. Sebastian's Church, Arappara |
| 17 - 27 | | Synod, Mt. St. Thomas, Kakkanad |
| 29 | | Kottayam. |



# From the Bishop's Office

**പ്രസ്ബിറ്ററൽ കൗൺസിൽ**

പുതുതായി രൂപംകൊടുത്ത പ്രസ്ബിറ്ററൽ കൗൺസിലിന്റെ പ്രഥമ സമ്മേളനം ജൂൺ 16-ാം തിയ്യതി അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ രൂപതാകാര്യാലയത്തിൽ സമ്മേളിച്ചു. ബഹു. ജോർജ്ജ് തുരുത്തിപ്പള്ളി അച്ചനെ സെക്രട്ടറിയായും ബഹു. ജോസ് കല്ലുവേലിൽ, അബ്രഹാം പാലത്തിങ്കൽ, ആന്റോ അരീക്കാട്ട് എന്നിവരെ അജണ്ടാകമ്മിറ്റി അംഗങ്ങളായും തെരഞ്ഞെടുത്തു. മിഷൻ വർഷാചരത്തെ സംബന്ധിച്ചുള്ള രൂപരേഖ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി അച്ചൻ അവതരിപ്പിച്ചു.

**സീറോ മലബാർ സഭാദിനം**

ദുക്റാന തിരുനാളായ ജൂലൈ 3-ാം തീയതി സീറോ മലബാർ ദിനമായി നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സമുചിതമായി ആഘോഷിക്കുമല്ലോ. ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ ഇടയലേഖനത്തിൽ നിർദ്ദേശിച്ചപ്രകാരം ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി അന്ന് ഇടവകകളിൽ പ്രത്യേക പിരിവ് എടുത്ത് തുക ജൂലൈ അവസാനത്തോടെ രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**യുവജനദിനം**

ജൂലൈ 10-ാം തീയതി സഭ യുവജനദിനമായി ആഘോഷിക്കുന്നു. നമ്മുടെ ഇടവകയിലെ യുവജനങ്ങൾക്കായി അന്നേദിവസം നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. അന്ന് പ്രത്യേകം സ്തോത്രക്കാഴ്ചയെടുത്ത് യുവജന ശുശ്രൂഷയ്ക്കായി രൂപതാ ഡയറക്ടറെ ഏൽപ്പിക്കേണ്ടതാണ്.

**വൈദികരുടെ മാസധ്യാനം**

ജൂലൈ മാസത്തിലെ വൈദികരുടെ മാസധ്യാനം ജൂലൈ 25ന് രൂപതാ കാര്യാലയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്.





**പാസ്റ്ററൽ കൗൺസിൽ & കൈക്കാരന്മാർ - സംയുക്തസമ്മേളനം**

പുതുതായി രൂപീകരിച്ച രൂപതാ പാസ്റ്ററൽ കൗൺസിലിന്റെയും ഇടവകകളിലെ കൈക്കാരന്മാരുടെയും സംയുക്ത സമ്മേളനം ആഗസ്റ്റ് 13-ാം തിയ്യതി ശനിയാഴ്ച 10.30ന് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തുന്നതാണ്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും കൈക്കാരന്മാരെയും പ്രസ്തുത സമ്മേളനത്തിലേക്ക് ക്ഷണിക്കുന്നു. മിഷൻ വർഷാചരണത്തെപ്പറ്റി യോഗത്തിൽ പ്രത്യേകം ചർച്ചചെയ്യുന്നതാണ്. യോഗത്തിൽ സംബന്ധിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ബഹു. വികാരിയച്ചന്മാർ അവർക്ക് നൽകേണ്ടതാണ്.

**സെന്റ് മേരീസ് പോളി ടെക്നിക് കോളേജ്,**

വള്ളിയോട്, മുടപ്പല്ലൂർ പി.ഒ., പാലക്കാട്

Website : www.stmaryspolytechnic.com, Email: smpcpkd@gmail.com

സെന്റ് മേരീസ് പോളി ടെക്നിക് കോളേജിന് All India Council For Technical Education (AICTE) ന്റെ അനുവാദവും സ്റ്റേറ്റ് എഡ്യൂക്കേഷൻ ടെക്നിക്കൽ ബോർഡിന്റെ അംഗീകാരവും ലഭിച്ചു. ഇതിനായി മാസങ്ങളോളം കഠിനാദ്ധ്വാനം ചെയ്ത ബഹു. ഡയറക്ടർ ബെറ്റ്സൺ തൂക്കുപറമ്പിൽ അച്ചനും സഹപ്രവർത്തകർക്കും അഭിനന്ദനങ്ങൾ.

**ഈ വർഷം ആരംഭിച്ചിരിക്കുന്ന ത്രിവത്സര ഡിപ്ലോമാകോഴ്സുകൾ**

**കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്**

**സിവിൽ എഞ്ചിനീയറിംഗ്**

**ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ്**

**ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ്**

**മക്കാനിക്കൽ എഞ്ചിനീയറിംഗ്.**

**അഭിനന്ദനങ്ങൾ**

ഭാരതിദാസൻ സർവ്വകലാശാലയുടെ കീഴിലുള്ള തിരുച്ചിറപ്പള്ളി ഹോളി ക്രോസ് കോളേജിൽ നിന്നും M.S.W. (Master of Social Work, with Medical and Psychiatric Social Work Specilization)ൽ 84.49% മാർക്കോടെ ഉന്നത വിജയം കരസ്ഥമാക്കുകയും 2010 ഡിസംബറിൽ നടത്തപ്പെട്ട National Eligibility Test for Lectureship (UGC Net) വിജയിക്കുകയും ചെയ്ത ബഹു. **ജോമോൻ പുത്തൻകളത്തിൽ** അച്ചന് അഭിനന്ദനങ്ങൾ...

## MAUNDY THURSDAY COLLECETION *

| SNo. | Place | Name of the Parish | Cash Recieved |
|---|---|---|---|
| 1 | Akamalavaram | St. Sebastain's Church | 700 |
| 2 | Alanallur | St. Joseph's Church | 500 |
| 3 | Alathur | Little Flower Church | 1000 |
| 4 | Alengad | St. Mary's Church | 1000 |
| 5 | Anakkal | St. Joseph's Church | 700 |
| 6 | Anamooly | St. Theresa of Avila Church | 755 |
| 7 | Arogyapuram | St. Mary's Church | 5000 |
| 8 | Cheenikappara | St. Thomas Church | 7200 |
| 9 | Cherpulassery | St. Mary's Church | 250 |
| 10 | Chittadi Maria Nagar | St. Mary's Church | 6000 |
| 11 | Chittadi Mary Land | St. Joseph's Church | 3500 |
| 12 | Chittilanchery | St. Andrews & St. Francis Church | 5500 |
| 13 | Chittoor | Holy family Church | 6000 |
| 14 | Chuliyamkulam | Holy family Church | 2000 |
| 15 | Dhoni | St. James the Great Church | 4940 |
| 16 | Irumpakachola | St. Sebastain's Church | 4500 |
| 17 | Jellippara | St. Peter's Church | 3000 |
| 18 | Josegiri | St. Joseph's Church | 5000 |
| 19 | Kadambur | St. Francis Assisi Church | 7000 |
| 20 | Kadappara | St. Mary's Church | 1000 |
| 21 | Kaithachira | Kristu jyothi Church | 1500 |
| 22 | Kalladikode | Mary Matha Church | 2000 |
| 23 | Kallekad | Fathima Matha Church | 2325 |
| 24 | Kallepully | St. Mary's Church | 3250 |
| 25 | Kandamangalam | Christuraja Church | 2000 |
| 26 | Kanjikode | Good Shepherd Church | 2137 |
| 27 | Kanjirapuzha | St. Thomas Forane Church | 10000 |
| 28 | Kanjirapuzha Dam | St. Joseph Church | 2500 |
| 29 | Kannambra | St. Joseph's Church | 1000 |
| 30 | Karakurissi | St. Mary's Church | 3000 |
| 31 | Karapadam | St. Joseph's Church | 6380 |
| 32 | Karimba | Little Flower Church | 4000 |
| 33 | Karimkayam | St. Mary's Chuch | 1500 |
| 34 | Katambazhipuram | St. Joseph's Church | 8000 |
| 35 | Kollengode | St. Joseph's Church | 1000 |
| 36 | Koonathara | St. Ignatius Church | 500 |
| 37 | Kottayi | St. Antony's Church | 3105 |
| 38 | Kozhinjampara | St. Antony' Church | 1000 |
| 39 | Malampuzha South | St. Thomas Church | 2500 |
| 40 | Malayakam | St. Mary's Church | 200 |
| 41 | Mangalam Dam | St. Xavier Church | 25005 |
| 42 | Mankavu | Nithyasahaya matha Church | 12000 |
| 43 | Melarcode | St. Antony's Forane Church | 3000 |
| 44 | Mezhukumpara | St. Joseph's Church | 2000 |
| 45 | Neethipuram | St. Joseph's Church | 7500 |
| 46 | Nemmara | Christ the king Church | 6000 |
| 47 | Niravu | Holy family Church | 1000 |
| 48 | Odamthode | St Jude's Church | 2000 |
| 49 | Olavakode | St. Joseph's Forane Church | 13750 |
| 50 | Ottapalam | St. Joseph's Church | 1000 |
| 51 | Palakkayam | St. Mary's Church | 7750 |
| 52 | Palakuzhi | St. Thomas Church | 5000 |
| 53 | Panamkutti | Christ the King Church | 500 |
| 54 | Panthalampadam | Nithyasahaya Matha Church | 2500 |
| 55 | Paruthikad | St. Antony's Church | 500 |
| 56 | Pattambi | St. Paul's Church | 500 |
| 57 | Pazhampalakode | Shanthi Natha Church | 500 |
| 58 | Pombra | St. Antony's Church | 1500 |
| 59 | Ponnamkode | St. Antony's Forane Church | 20000 |
| 60 | Poonchola | Little flower Church | 4000 |
| 61 | Pullissery | St. Mary's Church | 1000 |
| 62 | Puttanikkad | Devamatha Chruch | 2000 |
| 63 | Rajagiri | Sacred Heart Church | 25000 |
| 64 | Shornur | St. Agnes Church | 1500 |
| 65 | Thachanadi | Christ Church | 1000 |
| 66 | Thathamangalam | St. Mary's Church | 5000 |
| 67 | Vachanagiri | St. George Church | 6000 |
| 68 | Vadakkenchery | Lourde Matha Forane Church | 20000 |
| 69 | Valkulambu | St. Antony's Church | 1000 |
| 70 | Valuparambu | Divyakarunya Church | 1000 |
| 71 | Vattappara | St. Bernaditha Church | 650 |
| 72 | Vayaloor | Infant Jesus Chuch | 700 |
| 73 | Vazhikadavu | Infant jesus Church | 750 |
| 74 | Vimalagiri | St. Mary's Church | 500 |
| 75 | VRT (Baleswaram) | Infant Jesus Church | 2500 |
| 76 | Yakkara | Holy Trinity Church | 2000 |
| | | TOTAL | 3,10,047 |

*2011 ഏപ്രിൽ 21 പെസഹാവ്യാഴാഴ്ച മുതൽ 2011 മെയ് 22 വരെ സെമിനാരിക്കുവേണ്ടി രൂപതാകാര്യാലയത്തിൽ ലഭിച്ച തുക.

# PASTORAL COUNCIL 2011-2013

**A. EX OFFICIO MEMBERS**

**I. Curia Members**

1. Msgr. Joseph Chittilapilly
2. Msgr. Joseph Veliyathil
3. Fr. Joshy Pulikkottil

**II. Forane Vicars**

4. Fr. Jose Kalluvelil - Palakkad
5. Fr. Jose P Chittilapilly- Kanjirapuzha
6. Fr Jose Alackakunnel- Mangalam Dam
7. Fr Abraham Palathinkal- Mannarkkad
8. Fr. Sebastian Mangalan- Melarkode
9. Fr. Jose Potteparambil- Olavakode
10. Fr. Thomas Vadakkumchery - Ottapalam
11. Fr. Peter Kuruthukulangara- Ponnamkode
12. Fr. Biju Plathottathil- Tattamangalam
13. Fr. Gilbert Ettonnil- Thavalam
14. Fr. George Theruvankunnel- Vadakkenchery

**III. Presbyteral Council Secretary**

15. Fr. George Thuruthipally

**IV. Congregations' Superiors**

16. Sr. Regis Mathew CSM
17. Sr. Tessy Kachapilly OP
18. Sr. Pushpa CMC
19. Sr. Chriset FCC
20. Sr. Pushpa CHF
21. Sr. Vincentia SABS

**V. Diocesan Minor Seminary Rector**

22. Fr. Peter Kochupurackal

**VI. Directors Of Associations**

23. Fr. Nilesh Thuruthuvelil
24. Fr. Tom G. Vadakkekara
25. Fr. Jinse Plathottam
26. Fr. Reny Pullukalayil
27. Fr. Goerge Perumpallil
28. Fr. Martin Thattil
29. Fr. Jomy Thekkumkkattil

**VI. President, Vicent De Paul**

30. Mr. T.T. Chacko

**B. ELECTED MEMBERS**

1. Palakkad Forane



**Parish Representatives**

1. Mary K.O – Palakkad Cathedral
2. Shinson B. Jos Thekkath – Palakkad Town
3. Benny P.V. Padamadan – Yakkara
4. Mercy Mathew – Chandranagar
5. Chacko George- Kanjikode

**Catechism Representatives**

6. Beena Antony Cheerotha – Kallepully
7. Benny Theikanath – Kodunthirapully

**Priests Representatives**

8. Fr. Paul Thottian
9. Fr. Ceejo Karikkattil

**2. KANJIRAPUZHA FORANE**

**Parish Representatives**

10. Thomas Kallolil – Palakkayam
11. Mathew Aikkara – Cheenikkappara
12. Augusty Valiyakunnel – Irumbakachola
13. Ancy Baby Vadakkunchery – Kanjirapuzha
14. Lissie Abraham Vamattathil - Poonchola

**Catechism Representatives**

15. Cyriac Kanivayalil – Kanjirapuzha Dam
16. Lissie Kadakkaniyil – Palakkayam

**Priests Representatives**

17. Fr Joji Vadakkekkara
18. Fr Jijo Parayil

**3. MANGALAM DAM FORANE**

**Parish Representatives**

19. Pappachan Kadankavil- Manglamdam
20. Mathew Kuruvanthanam- Baleswaram
21. Philip M.J. Mullappilly – Mankurissy
22. Rosamma Sebastian- Elavampadam
23. Philomina Arayandayil- Neethipuram

**Catechism Representatives**

24. Rosamma Pariyankulathil - Karimkayam
25. Mathew Alappattukunnel, Chittady Maryland

**Priests Representatives**

26. Fr Joshy Chakkalackal
27. Fr Sherjo Malekudiyil

**4. MANNARKKAD FORANE**

**Parish Representatives**

28. John K V Kaithamattam - Edathanattukara

29. Chinnamma Kurian- Mannarkkad
30. Alice Thomas Malamel- Kottapuram
31. Joji Markose Padipurackal - Puttanikkad
32. K J Joseph Kaprayil - Mezhukumpara

**Catechism Representatives**

33. Sebastian Panthaplamthottiyil - Mannarkkad
34. Beena Thankachan- Sreekrishnapuram

**Priests Representatives**

35. Fr Vincent Ollukkaran
36. Fr Tony Kozhipadan

**5. MELARCODE FORANE**

**Parish Representatives**

37. Sebastian Palaparambil – Chittilanchery
38. Antony Kuttikkadan – Nemmara
39. Xavier Peringarappilly– Pothundy
40. Betty Davis – Melarcode
41. Mary Scaria- Alathur

**Catechism Representatives**

42. Franko Joseph – Alathur
43. Merly Baby – Chittilanchery

**Priests Representatives**

44. Fr Jose Ponmany
45. Fr Renny Kanjirathinkal

**6. OLAVAKODE FORANE**

**Parish Representatives**

46. Alex Thomas – Olavakode
47. George Panengaden – Malampuzha
48. Biju K. Andrews– Mylampully
49. Kochuthresia Kuriakose – Mundur
50. Lucy Sibi - Akamalavaram

**Catechism Representatives**

51. P. J. Joseph Panackapilly – Pulappatta
52. Meena Jacob – Maria Nagar

**Priests Representatives**

53. Fr Martin Kalampadan
54. Fr Arun Kalamattathil

**7. OTTAPPALAM FORANE**

**Parish Representatives**

8. Jose Melekkuttu – Kadambur
9. James Purackal – Ottappalam
10. Ousepachan Perumthottathil – Palappuram



11. Rossy Sebastian Kongamala – Pattambi
12. Jolly Michael Ullattil– Keralassery

**Catechism Representatives**

13. Bennichan Parathode– Ottappalam
14. Sheela Jose Pulickal – Shoranur

**Priests Representatives**

15. Fr Nilesh Thuruthuvelil
16. Fr Martin Ettumanukkaran

**8. PONNAMKODE FORANE**

**Parish Representatives**

9. Cicily George- Karimba
10. Jaya Francis - Ponnamkode
11. John K.M. Kaithamala - Karakurissi
12. Augustine Nanchadickal- Kalladikode
13. Thomas Joseph- Pombra

**Catechism Representatives**

14. Thomas Antony- Ponnamkode
15. Elsy James Ayathupadath - Karakurissi

**Priests Representatives**

16. Fr Xavier Maramattam
17. Fr Biju Muringakudiyil

**9. TATTAMANGALAM FORANE**

**Parish Representatives**

10. Vincent T.P. - Tattamangalam
11. C. E. Mathew- Chittur
12. Boban Pathikkal - Kozhinjampara
13. Beena Shibi- Paruthikkad
14. Litty Johnson- Kollengode

**Catechism Representatives**

15. Thomas Karottukizhakkel – Chittur
16. Grace Tom Aippenparampil – Kollengode

**Priests Representatives**

17. Fr Joison Akkaparambil
18. Fr John Puthukkara

**10. THAVALAM FORANE**

**Parish Representatives**

19. Reji Michael Panamthanath - Thrithwamala
20. Shibu K. M. Kadambanatt- Karara
21. Benny K.v. Korandikattil - Jellippara
22. Lissy Benny - Unnimala
23. Gracy Varkey - Kuruvanpady

**Catechism Representatives**

24. Emmanuel Akkarappatty - Thavalm
25. Saly Joseph Thoduvanal – Agali

**Priests Representatives**

26. Rev Fr Raju Pulickathazhe
27. Rev Fr Biju Kallingal

**11. VADAKKENCHERY FORANE**

**Parish Representatives**

28. Tenny Augustine- Vadakkenchery
29. Sunny P. A - Rajagiri
30. Benny K. James- Vachanagiri
31. Femina Thomas - Panthalampadam
32. Marykutty Sebastian- Arogyapuram

**Catechism Representatives**

33. Jaison M. Jacob Manjaly – Vadakkenchery
34. Lisa George Punnolil – Rajagiri

**Priests Representatives**

35. Fr Anto Arikkatt
36. Fr Jose Kochuparampil

**C. Nominated Members**

1. Fr Dominic Aippenparambil
2. Fr Cherian Anjilimootitil
3. Fr Mathew Vazhayil
4. Fr Mavunkal Jacob
5. Fr Thom Kizhakkedath
6. Fr Betson Thukkuparampil
7. Fr Jomis Kodakasseril
8. Fr Jaimon Pallineerackal
9. Fr Francis Thaivalappil CMI
10. Fr Jain OFM. Cap.
11. Fr Julius CMI
12. Br. Christy MMB
13. Sr. Kripa CMC
14. Mr. K.P. Lawrance
15. Mr Jose Menachery
16 Mr. Prince Pattani
17 Adv. Mini Francis
18. Adv. Justin Pallivathukkal
19. Mr. Santhosh Arackal





## തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ കൈക്കാരന്മാർ

| | |
|---|---|
| അകമലവാരം | ശ്രീ. സിബി കൊടിത്തോട്ടം, ശ്രീ. വർഗ്ഗീസ് ഇഞ്ചക്കാട്ട് |
| അലനല്ലൂർ | ശ്രീ. സന്തോഷ് വലിയവീട്ടിൽ, ശ്രീ. യേശുദാസ് പുലാക്കോട്ട് |
| ആലത്തൂർ | ശ്രീ. സെബാസ്റ്റ്യൻ കൊള്ളന്നൂർ, ശ്രീ. സ്കറിയ തീക്കുന്നത്ത് |
| ആലങ്ങാട് | ശ്രീ. ജോളി ഫിലിപ്പ് ചേന്നമറ്റം, |
| | ശ്രീ. മാത്യു സെബാസ്റ്റ്യൻ കൊല്ലൻകുന്നേൽ |
| ആനക്കല്ല് | ശ്രീ. പോൾ ഫാത്തിമ, ശ്രീ. സോമി കാരിമറ്റം |
| അരപ്പാറ | ശ്രീ. ജെയിംസ് വാഴക്കൂട്ടത്തിൽ, |
| | ശ്രീ. ബേബി ജോൺ കുമാരമംഗലം |
| ബാലേശ്വരം | ശ്രീ. കെ. യു മാത്യു കുറുവന്താനത്ത്, |
| | ശ്രീ. പി.എം. മാത്യു പാറത്തലക്കൽ |
| ചന്ദ്രനഗർ | ശ്രീ. അനിൽ വെള്ളറ, ശ്രീ. സെബാസ്റ്റ്യൻ മാളിയേക്കൽ |
| ചീനിക്കപ്പാറ | ശ്രീ. ജോസി പ്ലാത്തോട്ടത്തിൽ, ശ്രീ. സ്കറിയ ഒട്ടലാങ്കൽ |
| ചെർപ്പുളശ്ശേരി | ശ്രീ. മാത്യു കള്ളിക്കാട്ട്, ശ്രീ. സിബി പൂവ്വത്തുപറമ്പിൽ |
| ചിറ്റടി (മരിയനഗർ) | ശ്രീ. ജെയിംസ് വെളിയത്തിൽ, |
| | ശ്രീ. ഷാജി ജോർജ്ജ് കിഴക്കേപറമ്പിൽ |
| ചിറ്റടി മേരിലാന്റ് | ശ്രീ. കുര്യൻ ആലപ്പാട്ടുകുന്നേൽ, ശ്രീ. ജോണി അമ്പമറ്റത്ത് |
| ചിറ്റിലഞ്ചേരി | ശ്രീ. ബിജു വടാശ്ശേരി, ശ്രീ. ഫ്രാൻസിസ് വടക്കൂട്ട് |
| ചുള്ളിയാംകുളം | ശ്രീ. ജോസ് മണ്ണാത്തുകുടിയിൽ, ശ്രീ. ബിജു വഞ്ചിക്കാംചാലിൽ |
| ധോണി | ശ്രീ. മാത്യു മണ്ഡപത്തികുന്നേൽ, |
| | ശ്രീ. ഉലഹന്നാൽ വെട്ടംതടത്തിൽ |
| ജോസ്ഗിരി | ശ്രീ. മൈക്കിൾ അരീപ്പറമ്പിൽ, ശ്രീ. മനോജ് കാവപ്പുരയ്ക്കൽ |
| കടപ്പാറ | ശ്രീ. മാത്യു കുരീക്കൽ, ശ്രീ. ജോയ് ജോർജ്ജ് തെക്കുമറ്റത്തിൽ |
| കൈതച്ചിറ | ശ്രീ. മാത്തച്ചൻ വടക്കുഞ്ചേരി, ശ്രീ. ബിജു പാലാട്ടി |
| കല്ലേക്കാട് | ശ്രീ. സി. പി. തോമസ്, ശ്രീ. തോമസ് മണലിൽ |
| കണ്ടമംഗലം | ശ്രീ. എം. ബി. ചെറിയാൻ മുട്ടത്ത്, ശ്രീ. ജോസ് കയ്യാണിയിൽ |
| കാഞ്ഞിരപ്പുഴ | ശ്രീ. ചാക്കോ തോമസ് വട്ടുകുന്നേൽ, |
| | ശ്രീ. ജോർജ്ജ് തോമസ് മട്ടുമ്മൽ |
| കാഞ്ഞിരപ്പുഴ ഡാം | ശ്രീ. ജോർജ്ജ് വെട്ടുകാട്ടിൽ, ശ്രീ. സിബി കുന്നത്തൂർ |
| കണ്ണമ്പ്ര | ശ്രീ. ജേക്കബ് മഞ്ഞളി, ശ്രീ. വർഗ്ഗീസ് മുട്ടുംപുറത്ത് |
| കാരാകുർശ്ശി | ശ്രീ. മത്തായി തണ്ടാശ്ശേരിൽ, ശ്രീ. ആന്റണി മുല്ലയ്ക്കൽ |
| കാരാപ്പാടം | ശ്രീ. ബേബി ഉലഹന്നാൽ തോട്ടുംപുറം, |
| | ശ്രീ. ജോസഫ് കണ്ടത്തിൽ |
| കാരറ | ശ്രീ. സണ്ണി മരോട്ടിക്കൽ, ശ്രീ. ഷാജി കുഴികണ്ടത്തിൽ |

| | |
|---|---|
| കടമ്പഴിപ്പുറം | ശ്രീ. ജോർജ്ജ് നടുവിലെവീട്ടിൽ, ശ്രീ. ജോയ് ഓടാനിയിൽ |
| കൊല്ലങ്കോട് | ശ്രീ. സണ്ണി മുണ്ടാട്ടുചുണ്ടേൽ, ശ്രീ. റാപ്പായി ചുങ്കത്ത് |
| കൂനത്തറ | ശ്രീ. ബേബി കോലാത്ത്, ശ്രീ. ജെയിംസ് വടക്കേനിരപ്പേൽ |
| മലമ്പുഴ | ശ്രീ. തോമസ് വാഴപ്പിള്ളി, ശ്രീ. ജോസ് പതിയാമറ്റം |
| മലയകം | ശ്രീ. സജീവ് ജോർജ്ജ് പഞ്ഞിമരം,<br>ശ്രീ. സിബി ജോസഫ് വളവന്തറ |
| മെഴുകുംപാറ | ശ്രീ. തോമസ് മുത്തനാട്ട്, ശ്രീ. ജോബ് കപ്രായിൽ |
| നീതിപുരം | ശ്രീ. ബേബി തറക്കുന്നേൽ, ശ്രീ. സോജൻ ഓംപള്ളിൽ |
| നെന്മാറ | ശ്രീ. ജോൺസൺ ചെറുപറമ്പിൽ, ശ്രീ. ജോൺസൺ വടാശ്ശേരി<br>ശ്രീ. ജോസ് ചെറുപറമ്പിൽ |
| ഞാറക്കോട് | സജിമാത്യു ആനക്കുഴിയിൽ, ശ്രീ. ജിജി കല്ലുവേലിൽ |
| ഓടംതോട് | ശ്രീ. റ്റോമി പുല്ലാട്ട്, ശ്രീ. ബേബി പാംപ്ലാനിയിൽ |
| ഒറ്റപ്പാലം | ശ്രീ. എ.എ. ജോസ് അയ്യംകുളം, ശ്രീ. ഷാജി കൈതമറ്റം |
| പാടൂർ | ശ്രീ. ജോസ് തീക്കുന്നത്ത്, ശ്രീ. ബിജു കരിമറ്റം |
| പാലക്കയം | ശ്രീ. ബേബി പൂവ്വത്തുങ്കൽ, ശ്രീ. ജോസ് പള്ളിവാതുക്കൽ |
| പാലക്കുഴി | ശ്രീ. ജോസഫ് പകലോമറ്റം, ശ്രീ. ജോർജ്ജ് കൂനാനിക്കൽ |
| പനംകുറ്റി | ശ്രീ. വിത്സൻ വെള്ളമറ്റം, ശ്രീ. പ്രദീപ് കുന്നത്ത് |
| പരുത്തിക്കാട് | ശ്രീ. ടോമി പന്തിലുവേലി, ശ്രീ. ജോൺസൺ പൊഴലിപറമ്പിൽ |
| പട്ടാമ്പി | ശ്രീ. ഫ്രാൻസിസ് പാറേക്കാടൻ, ശ്രീ. ബേബിച്ചൻ തെടുമ്പിള്ളി |
| പഴമ്പാലക്കോട് | ശ്രീ. ബിനു ഫിലിപ്പ് മണ്ണൂപ്പറമ്പിൽ,<br>ശ്രീ. ബേബി വടക്കേക്കുടിയിൽ |
| പുല്ലിശ്ശേരി | ശ്രീ. ലൂക്കോസ് മൂലംമുറി, ശ്രീ. സണ്ണി വല്ലനാട്ട് |
| പുറ്റാനിക്കാട് | ശ്രീ. ബിജു കുന്നത്തുമറ്റത്തിൽ, ശ്രീ. മാത്യു പാലയ്ക്കൽ |
| ശാന്തിതടം | ശ്രീ. തങ്കച്ചൻ പാലക്കാട്ടിൽ , ശ്രീ. ജോൺസൺ പുത്തൻവീട്ടിൽ |
| ഷൊർണൂർ | ശ്രീ. ഐസപ്പൻ ജോസഫ് ഇടവഴിത്തറ, ശ്രീ. ജോർജ്ജ് ചീരൻ |
| ത്രിത്വമല | ശ്രീ. ജോബ് മടത്തനാട്ട്, ശ്രീ. കുര്യൻ കുമ്മംകോട്ടിൽ |
| വചനഗിരി | ശ്രീ. കുര്യൻ പുളിക്കാട്ടിൽ, ശ്രീ. സജി കണ്ടത്തിൽ |
| വാൽകുളമ്പ് | ശ്രീ. ബേബി മാലിപ്പുറം, ശ്രീ. ജോബി കുളത്തിങ്കൽ |
| വാലുപറമ്പ് | ശ്രീ. എം.എ. ജേക്കബ് മാളിയേക്കൽ,<br>ശ്രീ. ബോർജി ജോസ്, എടപ്പാട് |
| വട്ടപ്പാറ | ശ്രീ. ജോസഫ് കൊരക്കാലായിൽ, ശ്രീ. ഷാജി കതിരുവേലിൽ |
| വഴിക്കടവ് | ശ്രീ. ജോസ് കുന്നുംഭാഗത്ത്, ശ്രീ. ആന്റണി കാക്കാനിയിൽ |
| വിമലഗിരി | ശ്രീ. തോമസ് ഒഴാക്കത്തൊട്ടിയിൽ, ശ്രീ. സേവ്യർ ചോതിപറമ്പിൽ |
| യാക്കര | ശ്രീ. സുനിൽ ജോസഫ് പട്ടരേത്ത്,<br>ശ്രീ. ജോജി ജോസഫ് അരങ്ങാശ്ശേരിൽ |



## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Aug-11 | MON | Rev. Fr. Puthukara John |
| 2-Aug-11 | TUE | Rev. Fr. Thaikattil Anto |
| 3-Aug-11 | WED | Rev. Fr. Thamarassery Sebastian |
| 4-Aug-11 | THU | Rev. Fr. Thanickal Thomas |
| 5-Aug-11 | FRI | Rev. Fr. Tharaniyil Paul |
| 6-Aug-11 | SAT | Rev. Fr. Thattil Martin |
| 8-Aug-11 | MON | Rev. Fr. Thekkumkattil Jomy |
| 9-Aug-11 | TUE | Rev. Fr. Theruvankunnel George |
| 10-Aug-11 | WED | Rev. Fr. Thoonikavil Jose Prakas |
| 11-Aug-11 | THU | Rev. Fr. Thottankara Francis |
| 12-Aug-11 | FRI | Rev. Fr. Thottian Paul |
| 13-Aug-11 | SAT | Rev. Fr. Thukkuparambil Betson |
| 16-Aug-11 | TUE | Rev. Fr. Thuruthuvelil Nilesh |
| 17-Aug-11 | WED | Rev. Fr. Thuruthipally George |
| 18-Aug-11 | THU | Rev. Fr. Vadakkekara Goji |
| 19-Aug-11 | FRI | Rev. Fr. Vadakkekara Tom |
| 20-Aug-11 | SAT | Rev. Fr. Vadakkumchery Thomas |
| 22-Aug-11 | MON | Rev. Fr. Vadakken Jaison |
| 23-Aug-11 | TUE | Rev. Fr. Valayathil Xavier |
| 24-Aug-11 | WED | Rev. Fr. Vazhayil Mathew |
| 25-Aug-11 | THU | Rev. Fr. Vazheparambil Sebastian |
| 26-Aug-11 | FRI | Rev. Fr. Velliamkandathil Jaijin |
| 27-Aug-11 | SAT | Rev. Fr. Ackaparambil Joyson |
| 29-Aug-11 | MON | Rev. Fr. Aippanparambil Dominic |
| 30-Aug-11 | TUE | Rev. Fr. Alackakunnel Jose |
| 31-Aug-11 | WED | Rev. Fr. Aloor John |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ "പോകുവിൻ പ്രഘോഷിക്കുവിൻ" എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. സമസ്തസൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കാൻ കടപ്പെട്ടവരായ നമുക്ക് ഈശോയുടെ ഉത്ഥാനാനുഭവത്തിൽ ഭാഗഭാക്കുകളാകാനും സുവിശേഷാനുസൃതമായ ജീവിതം നയിക്കുവാനും ഈ വർഷത്തെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെചേർക്കുന്നു.**

| | | | |
|---|---|---|---|
| ജൂലായ് 9 | ശനി | 9.30 am to4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 9 | ശനി | 9.30 am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 30 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ആഗസ്റ്റ് 30 | ചൊവ്വ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 30 | ചൊവ്വ | 9.30 am to4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം. 10 | ശനി | 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 10 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 5 | ബുധൻ | 9.30 am to 4.00 pm | മഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ.5 | ബുധൻ | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**മതാദ്ധ്യാപക ധ്യാനങ്ങൾ**

ഈ വർഷം എല്ലാ ഫൊറോനകളിലും മതാദ്ധ്യാപകർക്കായി ഏകദിന ധ്യാനം സംഘടിപ്പിക്കുന്നതാണ്. ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയമായി വളരാൻ എല്ലാ മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.





**ധ്യാനങ്ങൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| ജൂലായ് 9 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജൂലായ് 9 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 13 | ശനി | 9.30amto 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ബുധൻ | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ബുധൻ | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവംബർ 26 | ശനി | 9.30am to 4.00 pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ഡിസംബർ 5 | തിങ്കൾ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയാൻ ഒരുങ്ങുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 25 രൂപ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| ജൂലായ് 10 | ഞായർ | 9.30am to4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |
| ജൂലായ് 17 | ഞായർ | 9.30am to4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 24 | ഞായർ | 9.30am to4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 7 | ഞായർ | 9.30am to4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

| | | | |
|---|---|---|---|
| ആഗസ്റ്റ് 14 | ഞായർ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 21 | ഞായർ | 9.30 am to 4.00 pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ആഗസ്റ്റ് 28 | ഞായർ | 9.30 am to 4.00 pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 4 | ഞായർ | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| ഒക്ടോ. 9 | ഞായർ | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 16 | ഞായർ | 9.30 am to 4.00 pm | പാലക്കാട് & തത്തമംഗലം ഫൊറോനകൾ (പാസ്റ്ററൽ സെന്റർ) |

**സാൻജോ ബുക്ക് സ്റ്റാൾ**

സൺഡേ കാറ്റികിസം, ഡെയ്ലി കാറ്റികിസം, സന്മാർഗ്ഗ ശാസ്ത്രം എന്നിവയുടെ പുസ്തകവും മറ്റും വാങ്ങിയവർ എത്രയും വേഗം കണക്കുകൾ തീർക്കാൻ താല്പര്യപ്പെടുന്നു.

**ഒന്നാം മിഡ്ടേം പരീക്ഷ**

സൺഡേ സ്കൂൾ വിദ്യാർത്ഥികളുടെ ഒന്നാം മിഡ് ടേം പരീക്ഷ ജൂലായ് 31 ഞായറാഴ്ച നടത്തുന്നു.

**ജനറൽക്വിസ് 2011–2012**

സൺഡേ കാറ്റികിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ് ക്വിസ്മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ പുസ്തകം 'വിശ്വാസ പരിശീലനത്തിനൊരു വഴികാട്ടി' സാൻജോ ബുക്ക് സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. **(വില ജൂലൈ 31 വരെ 25 രൂപ, അതിനുശേഷം 35 രൂപ; 10 പുസ്തകത്തിൽ അധികം എടുത്താൽ 30 രൂപ)**

**സ്റ്റാറ്റിസ്റ്റിക്സ് & ന്യൂ ടീച്ചേഴ്സ് ഫോം.**

സൺഡേ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സും, പുതിയ അദ്ധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോമും മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാനദിവസം ജൂലായ് 17 ഞായറാണ്.

**ലോഗോസ് ക്വിസ് 2011**

5 മുതൽ II HDC വരെയുള്ള ക്ലാസുകളിൽ വിശ്വസപരിശീലനം നേടുന്ന എല്ലാകുട്ടികളും മതദ്ധ്യാപകരും ലോഗോസ് ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ 1 മുതൽ ആരംഭിക്കുന്നു. ഫീസ് 10 രൂപ യാണ്. കുട്ടികളുടെ ക്ലാസ് കൃത്യമായും വ്യക്തമായും എഴുതേണ്ടതാണ്. അവർക്ക് ക്ലാസ്തലത്തിൽ സമ്മാനങ്ങൾ മതബോധനകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.





**HDC കറൻസ്പോണ്ടൻസ് കോഴ്സ്**

വിശ്വാസ പരിശീലനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടമാണല്ലോ കൗമാരവും യൗവ്വനവും. അതിനോടനുബന്ധിച്ച് നമ്മൾ നടത്തുന്ന HDC പരിശീലനവും. വിശ്വാസ പരിശീലനം നേരിടുന്ന ഒരു പ്രധാനവെല്ലുവിളിയാണ് ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന എൻട്രൻസ് കോച്ചിംഗ് ക്ലാസുകളും കോൺടാക്ട് ക്ലാസുകളും. ഇവ മൂലം വിശ്വാസ പരിശീലന ക്ലാസുകളിൽ സംബന്ധിക്കാത്ത കുട്ടികളെ ലക്ഷ്യംവച്ച് മതബോധന കേന്ദ്രത്തിൽ HDC കറസ്പോണ്ടൻസ് കോഴ്സ് സംഘടിപ്പിക്കുന്നു. ഇതിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ പ്രസ്തുത ഫോറം പൂരിപ്പിച്ച് വികാരിയച്ചന്റെയും എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിന്റെയും പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രവും രജിസ്ട്രേഷൻ ഫീസായ 200 രൂപ സഹിതം മതബോധന കേന്ദ്രത്തിൽ ആഗസ്റ്റ് 30 ന് മുൻമ്പായി ഏൽപിക്കേണ്ടതാണ്. പാസ്റ്ററൽ സെന്ററിൽ താമസിച്ചാണ് രണ്ടുദിവസത്തെ സെമിനാർ നടക്കുക. ഈ വർഷത്തെ കറസ്പോണ്ടൻസ് കോഴ്സ് ഒക്ടോബർ 5, 6 തിയ്യതികളിലും ഡിസംബർ 26നുമായിരിക്കും നടക്കുക.

**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 3 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2011 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം.

**അധ്യാപകർക്കായുള്ള സാഹിത്യമത്സരങ്ങൾ**

മതാദ്ധ്യാപകർക്ക് കൂടുതൽ പഠിക്കുവാനും തങ്ങളുടെ സാഹിത്യവാസനകളെ വളർത്തുവാനും സഹായകമാകത്തക്കവിധത്തിൽ മതബോധന വിഷയത്തെ ആസ്പദമാക്കി സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഉപന്യാസം കവിത, ചെറുകഥ എന്നീ രചനാമത്സരങ്ങളായിരിക്കും ഉണ്ടായിരിക്കുക.(ഉപന്യാസം 5–10 പേജുകൾ കവിത 20–40 വരികൾ, ചെറുകഥ 3.5 പേജുകൾ) ഓഗസ്റ്റ് 30 ന് മുമ്പായി ഈ രചനകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**BTC കോഴ്സ്**

2011 ജൂൺ 10,11,12 തിയ്യതികളിൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന

55–ാം ബാച്ച് BTC യിൽ 11 ഫൊറോനകളിൽ നിന്നായി 62 മതാദ്ധ്യാപകർ പങ്കെടുത്തു. മോൺ. ജോസഫ് ചിറ്റിലപ്പിള്ളി, റവ ഡോ. മാത്യുവാഴയിൽ, റവ. ഫാ. ജോഷി പുലിക്കോട്ടിൽ, റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ, റവ. ഫാ. അരുൺ കലമറ്റത്തിൽ, റവ. ഫാ. ജെയ്മോൻ പള്ളിനീരാക്കൽ, മിസ്റ്റർ ഷാജി മാലിപ്പാറ, അഡ്വ. ജസ്റ്റിൻ, റവ. സി.ലീന ജോസ് തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു. റവ. മോൺ. ജോസഫ് ചിറ്റിലപ്പിള്ളി BTC യിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ നല്കി. ഈ കോഴ്സിൽ പങ്കെടുക്കുകയും വിജയിപ്പിക്കുകയും ചെയ്ത എല്ലാ മതാദ്ധ്യാപകർക്കും അവരെ പ്രോത്സാഹിപ്പിക്കുകയും പങ്കെടുപ്പിക്കുകയും ചെയ്ത എല്ലാ വികാരി അച്ചന്മാർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

**പുസ്തക പരിചയപ്പെടുത്തൽ സെമിനാർ**

2011 ജൂൺ 11–ാം തിയ്യതി പുതിയ അദ്ധ്യാപകർക്കും പുതിയ ക്ലാസ്സുകളിലേക്ക് ഈ വർഷം പഠിപ്പിക്കാൻ പോകുന്ന അദ്ധ്യാപകർക്കുമുള്ള പുസ്തക പരിചയപ്പെടുത്തൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 89 അദ്ധ്യാപകർ ഇതിൽ പങ്കെടുത്തു. ഫാ. മാത്യു വാഴയിൽ, ഫാ. ജോമിസ് കൊടകശ്ശേരിൽ, സി. സുധ, സി. ലീനാ ജോസ്, അഡ്വ. ജസ്റ്റിൻ, മിസ്റ്റർ ഫ്രാങ്കോ, മിസ്. അനുഷ, ബ്ര. ഷൈജു തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**റെഗുലർ സ്കൂൾ അധ്യാപകസെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സൻമാർഗ്ഗികവുമായ വളർച്ചയ്ക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അദ്ധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. സെമിനാറുകൾ നടക്കുന്ന തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ജൂലായ് 2 | ശനി | 10 am to 4 pm | പാലക്കാട് മേഖല (പാസ്റ്ററൽ സെന്റർ) |
| ജൂലായ് 9 | ശനി | 10 am to 4 pm | വടക്കഞ്ചേരിമേഖല (ചെറുപുഷ്പം സ്കൂൾ) |
| ഒക്ടോ. 26 | ബുധൻ | 10 am to 4 pm | മണ്ണാർക്കാട് മേഖല (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ബുധൻ | 10 am to 4 pm | താവളം മേഖല (സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം) |

**റെഗുലർ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സ് & പദ്ധതി**

എല്ലാ സ്കൂളുകളും സ്റ്റാറ്റിസ്റ്റിക്സ് ഫോമും 2011–12 അദ്ധ്യയന വർഷത്തിലെ സ്കൂൾതല വിശ്വാസ പരിശീലന പ്രവർത്തനങ്ങളുടെ കർമ്മപദ്ധതിയും എത്രയും വേഗം മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**

ഡയറക്ടർ, വിശ്വാസപരിശീലനവേദി







# ബൈബിൾ അപ്പോസ്തലേറ്റ്

**ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**

ബൈബിൾ വായിക്കുന്നതിനും പഠിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ബൈബിൾ കേന്ദ്രീകൃത ജീവിതം കെട്ടിപ്പടുക്കുന്നതിനും ക്രൈസ്തവർക്ക് ഇന്ന് പ്രത്യേക താൽപര്യമുണ്ട്. വിശുദ്ധ ഗ്രന്ഥം മനസ്സിലാക്കുന്നതിന് വ്യാഖ്യാനം ആവശ്യമാണ്. ശാസ്ത്രീയമായി ബൈബിൾ കോഴ്സുകളിൽ സംബന്ധിച്ച് പഠിക്കാൻ സാധിക്കാത്തവർക്ക് വീട്ടിലിരുന്ന് കിട്ടുന്ന സമയം ചിലവഴിച്ച് ബൈബിൾ പഠിക്കാൻ അവസരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ബൈബിൾ കമ്മീഷൻ ബൈബിൾ കറസ്പോണ്ടൻസ്കോഴ്സ് (തപാൽ വഴിയുള്ള ബൈബിൾ പഠന പദ്ധതി) ഒരുക്കിയിരിക്കുന്നത്. താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് രൂപതാ ബൈബിൾ അപ്പസ്തോലേറ്റുമായി ബന്ധപ്പെടുക. Phone : 9447997959, 0491-2510257

**ലോഗോസ് ക്വിസ് 2011**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2011.

**ലോഗോസ് ക്വിസ് 2011ന്റെ സവിശേഷതകൾ**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E എന്നീ 5 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A. വിഭാഗം–01–01–2000 ന് ശേഷം ജനിച്ചവർ

B. വിഭാഗം–01–01–1995 നും 31.12.1999 നും ഇടക്ക് ജനിച്ചവർ

C. വിഭാഗം–01–01–1980 നും 31.12.1994 നും ഇടക്ക് ജനിച്ചവർ

D. വിഭാഗം–01–01–1960 നും 31.12.1979 നും ഇടയ്ക്ക് ജനിച്ചവർ.

E. വിഭാഗം–31.12.1959 ന് മുമ്പ് ജനിച്ചവർ.

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. ഈ വർഷം മുതൽ രജിസ്ട്രേഷൻ ഓൺ ലൈനിലായിരിക്കും. ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷാ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. രജിസ്ട്രേഷൻ ആരംഭിക്കുന്നത്

2011 ജൂൺ 1 നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2011 ജൂലായ് 31 നും ആയിരിക്കും.

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ.**

1. പുറപ്പാട് 16–24, 2. മത്തായി 15–28, 3. പത്രോസ് എഴുതിയ ഒന്നാം ലേഖനം. പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് RSV ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2011 സെപ്റ്റംബർ 25–ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00വരെയായിരിക്കും.

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനന സർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർമാർ നവംബർ 1 ന് മുൻപായി പി.ഒ,സിയിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3x5=15) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2011 നവംബർ 27 ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 വരെയായിരിക്കും.

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.1

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്ക് 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സണ്ടേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സണ്ടേസ്കൂളുകൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്. രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**

ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

## ABA അൾത്താരസംഘം

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ജൂലായ് 16 | ശനി | 9.30 am to4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |





| | | | |
|---|---|---|---|
| ജൂലായ് 23 | ശനി | 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 30 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 6 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 20 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ആഗസ്റ്റ് 27 | ശനി | 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 3 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം.17 | ശനി | 9.30 am to 4.00 pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.24 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹൾ) |
| ഒക്ടോ. 15 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**ലീഡേഴ്സ് മീറ്റ്**

അൾത്താര ശുശ്രൂഷകരുടെ ലീഡേഴ്സിനായി പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ഏകദിന സെമിനാറിൽ 189 കുട്ടികളും 60 ആനിമേറ്റേഴ്സും പങ്കെടുത്തു. അൾത്താര ശുശ്രൂഷകരുടെ പ്രാധാന്യം അവർ ചെയ്യുന്ന ശുശ്രൂഷയുടെ മാഹാത്മ്യം വി. കുർബാനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അൾത്താര ശുശ്രൂഷകളുടെ ആദ്ധ്യാത്മികത, വി. കുർബാന, ബലിയും വിരുന്നും, വി. താർസിസിയൂസ് തുടങ്ങിയ വിഷയങ്ങളിൽ ഫാ. ജോമിസ് കൊടകശ്ശേരിൽ, ഫാ. അരുൺ കലമറ്റത്തിൽ, ഫാ. നീലേഷ് തുരുത്തുവേലിൽ തുടങ്ങിയവർ ക്ലാസ്സുകൾ എടുത്തു.

**അൾത്താര സംഘം ക്വിസ് മത്സരം**

ഈ വർഷവും അൾത്താര ബാലന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ (5,6,7) സീനിയർ (8–12) വിഭാഗങ്ങളിൽ നിന്നും ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. പഠന ഭാഗം

| | | |
|---|---|---|
| വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി (പേജ് 82–143) | | 50 മാർക്ക് |
| കുർബാനപുസ്തകം | – | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | – | 25 മാർക്ക് |
| അൾത്താരശുശ്രൂഷകർ | – | 10 മാർക്ക് |

ഫൊറോനതല മത്സരം ഒക്ടോബർ 26 ബുധൻ – ഫൊറോന കേന്ദ്രങ്ങളിൽ
രൂപതാതല മത്സരം ഡിസംബർ 10 ശനി – പാസ്റ്ററൽ സെന്റർ

**ഫാ. ജോമിസ് കൊടകശ്ശേരിൽ**

ഡയറക്ടർ അൾത്താരസംഘം



# തിരുബാലസഖ്യം

**നന്ദിയോടെ**

കഴിഞ്ഞ രണ്ട് വർഷക്കാലം തിരുബാലസഖ്യം സംഘടനയുടെ ഡയറക്ടറായിരുന്ന ജെസ്റ്റിൻ കോലങ്കണ്ണി അച്ചന് അകമഴിഞ്ഞ കൃതജ്ഞതയും പ്രാർത്ഥനാശംസകളും

**ലീഡേഴ്സ് & ആനിമേറ്റേഴ്സ്മീറ്റ്**

തിരുബാലസംഖ്യം ലീഡേഴ്സിന്റേയും ആനിമേറ്റേഴ്സിന്റെയും മീറ്റിംഗ് ജൂൺ 18 ന് പാസ്റ്ററൽസെന്ററിൽ വച്ച് നടത്തി. അഭിവന്ദ്യ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ച പ്രസ്തുത മീറ്റിംഗിൽ 2011-12 വർഷത്തെ മാർഗ്ഗരേഖയും പ്രകാശനംചെയ്തു. പങ്കെടുത്ത എല്ലാ ലീഡേഴ്സിനും ബഹു ആനിമേറ്റേഴ്സിനും നന്ദി.

**പുത്തൻ നേതൃത്വം**

**രൂപതാ ഭാരവാഹികൾ**

| | |
|---|---|
| ഡയറക്ടർ | Fr. Jomy Thekkumkattil |
| ആനിമേറ്റർ | Sr. Stephy O.S.F, Kanjikode |
| പ്രസിഡണ്ട് | Thomas K.E. Vadkenchery |
| സെക്രട്ടറി | Catlin Mary. |

**ഫൊറോന ഭാരവാഹികൾ**

| ഫൊറോന | ആനിമേറ്റർ | പ്രസിഡണ്ട് | സെക്രട്ടറി |
|---|---|---|---|
| കാഞ്ഞിരപ്പുഴ | Sr.Mary Thattil | Amal Thomas | Therasa Thomas |
| മണ്ണാർക്കാട് | Sr. Josephia O.S.F | Sachin Tom | Maria Jobin |
| പൊന്നംകോട് | Sr.Tissy O.P | Joyal | Bibina Sebastine |
| ഒറ്റപ്പാലം | Sr. Jesvin C.S.M | Stephan | Nimmy Manoje |
| താവളം | Sr.vineetha C.S.M | Jomin joseph | Shina shiju |
| ഒലവക്കോട് | Sr.Emlin C.H.F | Delfi.P. George | Abishek John |
| പാലക്കാട് | Sr.Betsy. C.M.C | Siji Johnson | Neha sajeev. |
| തത്തമംഗലം | Sr.Daleena S.M.S | Maria Shobi | Bil now.S |
| വടക്കഞ്ചേരി | Sr.Christeena.C.H.F | Ashish Jacob | Rinju Reni |
| മംഗലംഡാം | Sr.Bincy Paul | Austin .J | Nivya Reji |
| മേലാർക്കോട് | Sr. Athma.C.H.F | Alice Babu | Febin Antony |

...അഭിനന്ദനങ്ങൾ...ആശംസകൾ

**നന്ദി...**

കഴിഞ്ഞ വർഷത്തെ എല്ലാ ലീഡേഴ്സിനും ആനിമേറ്റേഴ്സിനും രൂപതാ ആനിമേറ്റർ സി. റോസ് ആന്റോ, രൂപതാ കോ-ഓർഡിനേറ്റർ സി. റീത്ത സി.എം.സി എന്നിവർക്കും നന്ദി.





**മാർഗ്ഗരേഖ 2011-12**

പുതിയ മാർഗ്ഗരേഖ തയ്യാറാക്കിയത് ലഭിച്ച് കാണുമല്ലോ. അതനുസരിച്ച് ഇടവകയിലെ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**തിരുബാലസഖ്യം സെമിനാറുകൾ**

| | സ്ഥലം | ദിവസം | | സമയം |
|---|---|---|---|---|
| 1. | താവളം സെഹിയോൻധ്യാനകേന്ദ്രം | 25.6.11 | ശനി | 9.30-4.00 |
| 2. | മണ്ണാർക്കാട് ഫൊറോന പാരിഷ്ഹാൾ | 16-7-11 | ശനി | 9.30-4.00 |
| 3. | കാഞ്ഞിരപ്പുഴ ഫൊറോന പാരിഷ്ഹാൾ | 23.7.11 | ശനി | 9.30-4.00 |
| 4. | പൊന്നംകോട് പാരിഷ്ഹാൾ | 30-7-11 | ശനി | 9.30-4.00 |
| 5. | ഒലവക്കോട് ഫൊറോന പാരിഷ്ഹാൾ | 30-7-11 | ശനി | 9.30-4.00 |
| 6. | പാലക്കാട് പാസ്റ്ററൽ സെന്റർ | 20-8-11 | ശനി | 9.30-4.00 |
| 7. | ഒറ്റപ്പാലം ഫൊറോന പാരിഷ്ഹാൾ | 27-8-11 | ശനി | 9.30-4.00 |
| 8. | തത്തമംഗലം ഫൊറോന പാരിഷ്ഹാൾ | 3-9-11 | ശനി | 9.30-4.00 |
| 9. | മംഗലംഡാം ഫൊറോന പാരിഷ്ഹാൾ | 17-9-11 | ശനി | 9.30-4.00 |
| 10. | മേലാർക്കോട് നെന്മാറ പാരിഷ്ഹാൾ | 24-9-11 | ശനി | 9.30-4.00 |
| 11. | വടക്കഞ്ചേരി-ചെറുപുഷ്പം സ്ക്കൂൾ | 15-10-11 | ശനി | 9.30-4.00 |

**രജിസ്ട്രേഷൻ**

അംഗത്വ രജിസ്ട്രേഷനുള്ള അവസാന തിയ്യതി ജൂൺ 30 ആണ്. ഫോം പൂരിപ്പിച്ച് എത്രയും വേഗം എത്തിക്കുമല്ലോ.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# കെ. സി. വൈ. എം

**യുവജനദിനം**

കേരള കത്തോലിക്കാസഭയുടെ യുവജനദിനം 2011 ജൂലായ് 10-ാം തിയ്യതി ഞായറാഴ്ച ആചരിക്കുന്നു. ഇതോടനുബന്ധിച്ച് യൂണിറ്റുകൾ, വർക്ക് ക്യാമ്പുകൾ, ഭവനസന്ദർശനം, ഏകദിനസെമിനാറുകൾ, ചർച്ച, പ്രാർത്ഥനാദിനം, ദിവ്യകാരുണ്യ ആരാധന, ജീവകാരുണ്യപ്രവർത്തനം ആദിയായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

ജൂലായ് 10 ന് ഫൊറോനകളിലും യൂണിറ്റുകളിലും പ്രത്യേക പരിപാടികൾ ക്രമീകരിക്കാൻ ശ്രദ്ധിക്കണം. യുവജനദിനത്തോടനുബന്ധിച്ച് അഭിവന്ദ്യ പിതാവിന്റെ വിജ്ഞാപനം പള്ളിയിൽ വായിക്കുവാൻ ശ്രദ്ധിക്കണം.

**രൂപതയുവജനദിനാഘോഷം**

രൂപതാ സമിതിയുടെ യുവജനദിനാഘോഷം മണ്ണാർക്കാട് ഫൊറോനയുടെ ആഭിമുഖ്യത്തിലും ആതിഥേയത്വത്തിലും പെരിമ്പടാരി ഹോളി സ്പിരിറ്റ് ദേവാലയത്തിൽ വച്ച് ജൂലൈ 10 ന് 11 മണിക്ക് വിശുദ്ധ കുർബാനയോടുകൂടി ആരംഭിക്കുന്നു. ഈ ആഘോഷത്തിൽ ഫൊറോന യിൽ നിന്നുമുള്ള പങ്കാളിത്തം ഉറപ്പ് വരുത്തുമല്ലോ. പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ ജൂലായ് 3ന് മുമ്പായി മണ്ണാർക്കാട് ഫൊറോന പ്രസിഡണ്ട് ശ്രീ വിനീഷിനെയോ (9846814036) അല്ലെങ്കിൽ ടോണി കോഴിപ്പാടനച്ച നെയോ (9495853982) അറിയിക്കുമല്ലോ.

**മാനിഷാദ-ലഹരിയ്ക്കെതിരെ ജാഗ്രത**

മദ്യവും മയക്കുമരുന്നും ഇന്ന് സമൂഹത്തെയും യുവത്വത്തെയും കാർന്നു തിന്നുകൊണ്ടിരിക്കുന്ന മഹാവിപത്തായി മാറിക്കൊണ്ടിരിക്കുകയാണ്. ലഹരിവസ്തുക്കൾ മനുഷ്യജീവനെതിരെയുള്ള വെല്ലുവിളിയായി മാറുമ്പോൾ ഈ സാമൂഹ്യതിന്മയെ നമ്മുടെ ഇടയിൽ നിന്ന് പിഴുതെറിയുവാൻ പാലക്കാട് രൂപതയിലെ യുവജനങ്ങളുടെ സ്വരം; **മാനിഷാദ**. ലഹരിക്കെതിരെയുള്ള ഈ പോരാട്ടം മേലാർക്കോട് ഫൊറോനയുടെ ആതിഥേയത്വത്തിൽ ആഗസ്റ്റ് 6ന് നെന്മാറ പള്ളിയിൽ വച്ച് നടക്കുന്നു. ഉച്ചയ്ക്ക് 2 ന് ആരംഭിക്കുന്ന പരിപാടിയിൽ ക്ലാസ്, ചർച്ച, തെരുവുനാടകം, പൊതുസമ്മേളനം, യുവജനറാലി എന്നിവ ക്രമീകരിച്ചിരിക്കുന്നു. പ്രസ്തുത പരിപാടിയിൽ യൂണിറ്റിൽ നിന്നും പരമാവധി യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുമല്ലോ.

**നൈറ്റ് വിജിൽ**

ജീവിതത്തിന്റെ തിരക്കിനിടയിൽ ദിവ്യകാരുണ്യ നാഥന്റെ സന്നിധിയിൽ അല്പനേരം. ഈ മാസത്തെ ജാഗരണ പ്രാർത്ഥന ജൂലായ് 8-ാം തിയ്യതി വെള്ളിയാഴ്ച രാത്രി 8 മണിക്ക് ആരംഭിക്കുന്നു. എല്ലാ യുവസുഹൃത്തുക്കൾക്കും യുവക്ഷേത്രയിലേക്ക് സ്വാഗതം.

**യൂണിറ്റ്വിസിറ്റുകൾ**

രൂപതാ സമിതി ഫൊറോനാസമിതിയോടു ചേർന്ന് യൂണിറ്റുകൾ സന്ദർശിക്കുവാൻ ആഗ്രഹിക്കുന്നു. കെ.സി.വൈ.എം. മീറ്റിംഗിന്റെ സമയം അറിയിക്കേണ്ടതാണ്.

**നന്ദിയും സ്വാഗതവും**

പ്രസ്ഥാനത്തിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രയാണത്തിൽ രൂപതാ സമിതിയോടൊപ്പം ഉണ്ടായിരുന്ന മംഗലം ഡാം ഫൊറോന ഡയറക്ടർ ഫാ. സുമേഷ് നാൽപതാംകളം, താവളം ഫൊറോന ഡയറക്ടർ ഫാ.





സജി വട്ടുകുളം, പൊന്നംകോട് ഫൊറോന ഡയറക്ടർ ഫാ. ഡേവിസ് ചക്കുംപീടിക എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

രൂപതാ സമിതിയുടെ മുന്നോട്ടുള്ള യാത്രയിൽ സഹയാത്രികരായി പ്രസ്ഥാനത്തെ വളർത്തുവാനും കരുത്തേകുവാനും ഞങ്ങളോടൊത്തുചേർന്ന മംഗലംഡാം ഫൊറോന ഡയറക്ടർ ഫാ. മാത്യു ഞൊങ്ങിണിയിൽ, പൊന്നംകോട് ഫൊറോന ഡയറക്ടർ ഫാ. ബിജു മുരിങ്ങക്കുടിയിൽ എന്നിവരെ ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

**ACTIVE 8 -സോണൽ ക്യാമ്പുകൾ**

ദൈവസ്നേഹാഗ്നിയിൽ നിറയുവാനും നവീകരിക്കപ്പെടുവാനും ദൈവിക കാരുണ്യത്തിന്റെ ആഴവും പരപ്പും തിരിച്ചറിയുവാനുള്ള സോണൽ ക്യാമ്പുകൾ വടക്കഞ്ചേരി, പാലക്കാട് സോണുകളിൽ പൂർത്തിയായി. പങ്കെടുത്ത എല്ലാവർക്കും യുവജനങ്ങളെ ഈ ക്യമ്പിലേക്കയച്ച ബഹു. അച്ചന്മാർക്കും ആനിമേറ്റർമാർക്കും ഹൃദയം നിറഞ്ഞ നന്ദി.

**വടക്കഞ്ചേരി സോൺ**

വടക്കഞ്ചേരി, മേലാർക്കോട്, മംഗലംഡാം ഫൊറോനകൾക്ക് വേണ്ടിയുള്ള സോണൽ ക്യാമ്പ് വടക്കഞ്ചേരി ഫൊറോനയുടെ ആഥിതേയത്വത്തിൽ വള്ളിയോട് സെന്റ് മേരീസ് ഐ.ടി.സി യിൽ ജൂൺ 11,12 തിയ്യതികളിൽ നടന്ന ക്യാമ്പ് ഐ.ടി.സി ഡയറക്ടർ ഫാ. ബെറ്റസൺ, തൂക്കുപറമ്പിൽ ഉദ്ഘാടനം ചെയ്തു. പ്രസ്തുത ക്യാമ്പിൽ 30 യുവജനങ്ങൾ പങ്കെടുത്തു. കോഴിക്കോടു നിന്നുള്ള ഫാ. ജസ്റ്റിൻ OFM Cap. ക്യാമ്പിന് നേതൃത്വം നൽകി.

**പാലക്കാട് സോൺ**

പാലക്കാട്, തത്തമംഗലം , ഒലവക്കോട്, ഒറ്റപ്പാലം ഫൊറോനകൾക്ക് വേണ്ടിയുള്ള സോണൽ ക്യാമ്പ് ജൂൺ 17, 18, 19 തിയ്യതികളിൽ പാലക്കാട് ഫൊറോനയുടെ ആതിഥേയത്വത്തിൽ പാസ്റ്ററൽ സെന്ററിൽവച്ച് നടന്നു. പ്രസ്തുതക്യാമ്പ് രൂപത മതബോധന ഡയറക്ടർ ഫാ. ജോമിസ് കൊടകശ്ശേരി ഉദ്ഘാടനം ചെയ്തു. പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് ക്യാമ്പ് സന്ദർശിക്കുകയും യുവജനങ്ങളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. കോഴിക്കോട്ടു നിന്നുള്ള ഫാ. ജസ്റ്റിൻ OFM Cap. ആലുവ പ്രൊവിൻസിൽ നിന്നുള്ള ഫാ. ലിന്റോ OFM Cap. എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.



# നവീകരണ മുന്നേറ്റം

**നവീകരണ വാർത്തകൾ**

പാലക്കാട് സോണിൽ നവീകരണരംഗത്തു പ്രവൃത്തിക്കുന്നവരുടേയും നവീകണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവരുടെ കൂട്ടായ്മ 2011 ജൂലായ് 2-ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ റവ. ഫാ. റെനി പുല്ലുകാലായിലിന്റെ നേതൃത്വത്തിൽ നടത്തുന്നു. അന്നേദിവസം സോണിലെ ദമ്പതികളുടെ കൂട്ടായ്മ ഉണ്ടായിരിക്കും.

എല്ലാ മാസവും അവസാന വെള്ളിയാഴ്ച നടത്തുന്ന ജാഗരണ പ്രാർത്ഥനയുടെ കോഡിനേറ്ററായി പി.എം. മാത്യു (കണ്ടമംഗലം) മാത്യു കെ.കെ (കോട്ടപ്പുറം) എന്നിവരെ തിരഞ്ഞെടുത്തു. ഈ മാസത്തെ ജാഗരണ പ്രാർത്ഥന 2011 ജൂലൈ 29ന് കത്തിഡ്രലിൽ നടത്തുന്നു. അന്ന് രാവിലെ 10 മുതൽ ലീഡേഴ്സ് മീറ്റിംഗ് നടക്കുന്നതായിരിക്കും.

**സബ്ബ് സോൺ പുനഃസംഘടന**

| | | |
|---|---|---|
| മണ്ണാർക്കാട് | രാജൻഫിലിപ്പ് | കോഡിനേറ്റർ |
| | പി.എം സേവ്യർ | സെക്രട്ടറി |
| | കുര്യക്കോസ് | ട്രഷറർ |
| കാഞ്ഞിരപ്പുഴ | ജോസഫ് ജോസ് മാളിയേക്കൽ | കോഡിനേറ്റർ |
| | വി.വിജോർജ് | സെക്രട്ടറി |
| | ജോസുകുട്ടി | ട്രഷറർ. |
| മേലാർക്കോട് | തോമസ് ഇമ്മട്ടി | കോഡിനേറ്റർ |
| | വിൻസൻ പി.എ | സെക്രട്ടറി |
| വടക്കഞ്ചേരി | സാബു എബ്രഹാം | കോഡിനേറ്റർ |
| | തോമസ് വലിയപറമ്പിൽ | സെക്രട്ടറി |
| | സിബി വള്ളോാശ്ശേരി | ട്രഷറർ |
| ഒറ്റപ്പാലം | ജോർജ്ജ് പട്ടാമ്പി | കോഡിനേറ്റർ |
| | ജെയിംസ് ഒറ്റപ്പാലം | സെക്രട്ടറി |
| | സണ്ണി ഒറ്റപ്പാലം | ട്രഷറർ |

സബ്ബ് സോൺ പുനഃസംഘടനയ്ക്ക് സോണൽ കോഡിനേറ്റർ ഫ്രാങ്കോജോസഫ്, തോമസ് തേക്കനത്ത്, തുടങ്ങിയവർ നേതൃത്വം നൽകി. ബാക്കി സബ്ബ് സോണുകളുടെ പുനസംഘടന ജൂലായ് രണ്ടാം വാരത്തിൽ നടത്തുന്നു.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.





# ചെറുപുഷ്പ മിഷൻ ലീഗ്

**2011 ജൂലൈ -കർമ്മപരിപാടികൾ**

2011-2012 പ്രവർത്തനവർഷം ആരംഭിക്കുന്നു. ഈ വർഷം പ്രേഷിത വർഷമായി (മിഷൻ വർഷം) ആചരിക്കുകയാണല്ലോ. ഈ അവസരത്തിൽ "ക്രിസ്തുവിന്റെ ഹൃദയവുമായ് പ്രേഷിത പാതയിൽ" എന്നതാണ് മിഷൻ ലീഗ് സ്വീകരിച്ചിരിക്കുന്ന വിചിന്തന വിഷയം. അതിനെ അധിഷ്ഠിതമാക്കിയാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരുടെയും സഹായവും സഹകരണങ്ങളും പ്രതീക്ഷിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**2011 ജൂലൈ മാസത്തിലെ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു**

**"വലയുമായ് ആഴങ്ങളിലേക്ക്"**

**3 ഞായർ** : വി. തോമാസ് ശ്ലീഹായുടെ തിരുനാൾ
: അസാധാരണ സമ്മേളനം, ദിവ്യകാരുണ്യ സ്വീകരണം, അംഗത്വ സ്വീകരണം എന്നിവ നടത്തുക.
: വിശുദ്ധന്റെ നാമധേയമുള്ള അംഗങ്ങൾക്ക് ആശംസകൾ നേരുക.
ചിന്താവിഷയം: പ്രേഷിത തീക്ഷ്ണത.
ശാഖകളിൽ സംസ്ഥാന പ്രവർത്തഫണ്ടിനായുള്ള 1 രൂപ ശേഖരണം നടത്തുക.

**9 ശനി** രൂപതാ കൗൺസിൽ, 2011-12 പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം, പ്രവർത്തനവർഷ ഉദ്ഘാടനം.
അന്നേ ദിവസം എല്ലാ മേഖല ശാഖാ ഭാരഭാഹികൾ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**16 ശനി** മേഖലാ തലത്തിൽ കൗൺസിൽ കൂടുകയും പ്രവർത്തന വർഷ ഉദ്ഘാടനം നടത്തുകയും ചെയ്യുക. സംസ്ഥാന പ്രവർത്തന ഫണ്ട് ശേഖരണം പൂർത്തിയാക്കുക.

**26 ചൊവ്വ** ചെറുപുഷ്പമിഷൻ ലീഗ് ഉദ്ഘാടകൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ ചരമദിനം. ദിവ്യബലിയിൽ സംബന്ധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

**28 വ്യാഴം** വി. അൽഫോൻസാമ്മയുടെ തിരുനാൾ; അസാധാരണ സമ്മേള

നം, പൊതു ദിവ്യകാരുണ്യ സ്വീകരണം എന്നിവ നടത്തുക.

ചിന്താവിഷയം:- പ്രേഷിതന്റെ തീക്ഷണത. വിശുദ്ധയുടെ നാമധേയമുള്ളവരെ ആശംസകൾ അറിയിക്കുക.

**31 ഞായർ** സംസ്ഥാന പ്രവർത്തനഫണ്ടും ശാഖാ മേഖലാ റിപ്പോർട്ടും രൂപതയിൽ ഏൽപിക്കേണ്ട അവസാന ദിവസം.

**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാ നിയോഗം : കേരള സഭയ്ക്കു വേണ്ടി
* ശാഖാ സെമിനാറുകൾ: ഗ്രൂപ്പ് ലീഡേഴ്സിനുവേണ്ടി

വിഷയം: പ്രേഷിത പ്രവർത്തനത്തിന്റെ പ്രാധാന്യം

* ശാഖാഭാരവാഹികൾ ശാഖകളിൽ ഭവന സന്ദർശനം നടത്തുക.

**യാത്രയയപ്പ്, സ്വാഗതം**

2011 ജൂൺ 15-ാംതിയതി പാസ്റ്ററൽ സെന്ററിൽ സി.എം.എൽ രൂപതാ എക്സിക്യൂട്ടീവ് ചേരുകയുണ്ടായി. പ്രസ്തുത മീറ്റിങ്ങിൽ വച്ച് കഴിഞ്ഞ നാലു വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം തൃത്വമല വികാരിയായി സ്ഥാനമേറ്റ ബഹു. ബിജു കല്ലിങ്കൽ അച്ചന് രൂപതാ സമിതി യാത്രയയപ്പു നൽകി. അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു.

പുതിയ രൂപതാ ഡയറക്ടറായി ചാർജ്ജെടുത്ത ബഹു നിലേഷ് തുരുത്തുവേലിൽ അച്ചന് ഹൃദ്യമായ സ്വാഗതമോതുന്നു.

**പുതിയ രൂപതാ നേതൃത്വം**

| | |
|---|---|
| ഡയറക്ടർ | റവ. ഫാ. നിലേഷ് തുരുത്തുവേലിൽ |
| പ്രസിഡന്റ് | ശ്രീ ഷാജി ജോസഫ് കരിമ്പിൽ- എടത്തനാട്ടുകര. |
| വൈസ് പ്രസി. | മിസ് ജ്യൂഹി എൽസ് ജോർജ് കരോട്ടുകിഴക്കേൽ |
| സെക്രട്ടറി | ശ്രീ ജെയ്സ് ജോൺ ചെറുതോട്ടുപുറം- രാജഗിരി. |
| ജോ. സെക്രട്ടറി | മിസ് ജിസ്ന ജോസഫ് പാലത്തിങ്കൽ- കൂലിപ്പാറ |
| ഓർഗനൈസർ | ശ്രീ രഞ്ജു തോമസ് വെട്ടിക്കാട്- പൂഞ്ചോല |
| റീജിയണൽ ഓർഗനൈസേഴ്സ് | ശ്രീ സ്നോബിൻ ജോസഫ് പുതിയകുന്നേൽ- രാജഗിരി. |
| | ശ്രീ. അജിത്ത് എജോസഫ് ഏത്തക്കാട്- ഒറ്റപ്പാലം |
| ദേശീയ പ്രതിനിധി | ശ്രീ സന്തോഷ് ചാക്കോ വള്ളോംകോട്- ജോസ് ഗിരി. |
| ഓഡിറ്റേഴ്സ് | ശ്രീ ജോളി ജോസഫ് തെക്കേയിൽ- പൊന്നംകോട് |
| | ശ്രീ ബിജുമോൻ ജോസഫ് കടുകൻമാക്കൽ പൂഞ്ചോല |



നോമിനേറ്റഡ് എക്സിക്യൂട്ടീവ് മെമ്പേഴ്സ്

ശ്രീ ഡേബി സെബാസ്റ്റ്യൻ വടക്കേൽ- പന്തലാംപാടം

ശ്രീ. എബി. കുര്യൻ ചക്കംചിറയിൽ- പാലക്കുഴി

**സുകൃതജപം-** വി. തോമാശ്ലീഹായേ,വി. അൽഫോൻസാമ്മേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണേ.

**ഫാ. നിലേഷ് തുരുത്തുവേലിൽ**
ഡയറക്ടർ, സി. എം. എൽ.

# സി. എൽ. സി

**ദുക്റാന തിരുനാൾ**

വിശ്വാസത്തിന്റെ ദീപം കൊളുത്തിത്തന്ന വി തോമാശ്ലീഹായെ ഓർമ്മിപ്പിക്കാനുള്ള ദിവസം. വിശ്വാസത്തിന്റെ തീക്ഷണതയിൽ വളരാൻ നമുക്ക് പരിശ്രമിക്കാം. വിശ്വാസത്തിന്റെ പാതയിൽ ഉറച്ച ചുവടോടെ മുന്നോട്ടു പോകാൻ എല്ലാ സി.എൽ.സി അംഗങ്ങൾക്കും സാധിക്കട്ടെ. ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ.

**കർമ്മപദ്ധതി 2011-2012**

പുത്തൻ ചിന്തകളും പ്രവർത്തനശൈലിയുമായി പുതുവർഷപ്രവർത്തനങ്ങളിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. ജൂലൈ 9 ശനിയാഴ്ച രാവിലെ 9.30 ന് പാലക്കാട് പാസ്റ്റർ സെന്ററിൽ വെച്ച് കർമ്മപദ്ധതി പ്രകാശനവും, സെമിനാറും നടത്തപ്പെടുന്നു. എല്ലാ യൂണിറ്റിൽ നിന്നും ആനിമേറ്റർമാരും അതത് യൂണിറ്റ് ഭാരവാഹികളും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വി. ഇഗ്നേഷ്യസ് ദിനാചരണം**

എല്ലാ യൂണിറ്റുകളിലും സി.എൽ.സി മദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടുക. എല്ലാ സി.എൽ,സി അംഗങ്ങളും കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കാൻ പരിശ്രമിക്കുക. യൂണിറ്റു തലങ്ങളിൽ ചർച്ചാ ക്ലാസുകളും പ്രാർത്ഥന മീറ്റിംഗുകളും സംഘടിപ്പിക്കുക.

**സന്ദേശം** "ദൈവം കഠിനങ്ങളായ ക്ലേശങ്ങളാണ് നല്കുന്നതെങ്കിൽ അവിടുന്ന് നിന്നെ മഹാ വിശുദ്ധനാക്കുമെന്നതിന്റെ ലക്ഷണമാണത്. ദൈവം നിന്നെ ഒരു മഹാപുണ്യവാനാക്കാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ കഠിന ക്ലേശങ്ങളിൽ പെടുത്തണമെന്നു പ്രാർത്ഥിക്കണം" (വി. ഇഗ്നേഷ്യസ് ലെയോള)

പഠനം ലൂക്ക 12.1.12

പ്രവർത്തനം പ്രേഷിത തീക്ഷണത നൽകുന്ന ഒരു ചർച്ചാക്ലാസ്സ് സംഘടിപ്പിക്കുക.

**ഫാ. ബിജു പ്ലാത്തോട്ടത്തിൽ,**
ഡയറക്ടർ, സി.എൽ.സി.



## ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

തിയ്യതികളിൽ പാസ്റ്ററൽ സെന്ററിൽവച്ച് **2011 ജൂലൈ 4, 5, 6, 7** തിയ്യതികളിൽ നടത്തപ്പെടുന്നു.
കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## കുടുംബകൂട്ടായ്മ

**കുടുംബസമ്മേളന ഭാരവാഹികളുടെ ഫൊറോന സെമിനാറുകൾ**

കുടുംബകൂട്ടായ്മ രൂപതാജനറൽബോഡി രൂപീകരിച്ചതിനുശേഷം ഓരോ ഇടവകകളിലും കുടുംസമ്മേളനങ്ങളെ കൂടുതൽ സജീവമാക്കാൻ ഫൊറോനതലങ്ങളിൽ എല്ലാ കുടുംബസമ്മേളന ഭാരവാഹികളെയും ഉൾപ്പെടുത്തി ഏകദിന സെമിനാർ സംഘടിപ്പിച്ചിരിക്കുന്നു. ബഹു. ഫൊറോന വികാരിമാരുടെ അറിവോടുകൂടി താഴെ കാണുന്ന ദിവസങ്ങളിലാണ് ക്രമീകരിച്ചിരിക്കുന്നത്.

| | | |
|---|---|---|
| ആഗസ്റ്റ് | 30 | വടക്കഞ്ചേരി ഫൊറോന |
| സെപ്റ്റം. | 03 | മംഗലംഡാം ഫൊറോന |
| സെപ്റ്റം. | 10 | മേലാർക്കോട് ഫൊറോന |
| സെപ്റ്റം. | 21 | പാലക്കാട് ഫൊറോന |
| ഒക്ടോബർ | 05 | പൊന്നംകോട് ഫൊറോന |
| ഒക്ടോബർ | 06 | ഒറ്റപ്പാലം ഫൊറോന |
| ഒക്ടോബർ | 08 | ഒലവക്കോട് ഫൊറോന |
| ഒക്ടോബർ | 26 | കാഞ്ഞിരപ്പുഴ ഫൊറോന |
| നവംബർ | 12 | തത്തമംഗലം ഫൊറോന |
| ഡിസംബർ | 05 | മണ്ണാർക്കാട് ഫൊറോന |
| ഡിസംബർ | 10 | താവളം ഫൊറോന |

**കുടുംബസമ്മേള ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ്**

| | | |
|---|---|---|
| ജൂൺ 25 ശനി | 10.00 am | വടക്കഞ്ചേരി ഫൊറോന<br>ഫൊറോന പാരിഷ്ഹാൾ |
| ജൂൺ 25 ശനി | 2.00pm | മംഗലംഡാം ഫൊറോന<br>ഫൊറോന പാരിഷ്ഹാൾ |

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബകൂട്ടായ്മ



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ജൂലൈ | 03-08 | വൈദികരുടെ ധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജൂലൈ | 10-15 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജൂലൈ | 17-22 | പ്രീസ്റ്റ്സ് കോൺഫറൻസ്<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജൂലൈ31 ആഗസ്റ്റ് 5 | | വൈദികരുടെ ധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 327710

**സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക**

sehionretratcentre.blogspot.com, sehiontelevision.blogspot.com
Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

ജൂലൈ 03 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധിപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺ വെൻഷൻ.

ജൂലൈ 17 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസി പ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# മാതൃസംഘം

**ജൂലൈ 2011**

- ജൂലൈ 30 ശനി മാതൃസംഘം അർദ്ധവാർഷിക ജനറൽ ബോഡി
- അർദ്ധവാർഷിക റിപ്പോർട്ട് അവതരണം
- മാതൃസംഘം യൂണിറ്റുതല ഏകദിനസെമിനാർ, യൂണിറ്റ് രൂപീകരണ ദിനാനുസ്മരണവും മുൻകാല ഭാരവാഹികളെ ആദരിക്കലും.

**ആഗസ്റ്റ് 2011**

- പ്രേഷിതവർഷ ഉദ്ഘാടനം, അമ്മമാർ കുടുംബത്തിലെ പ്രേഷിതശ്രേഷ്ഠ
- പ്രേഷിതാഭിമുഖ്യം കുടുംബത്തിൽ വളർത്താനുതകുന്ന പദ്ധതികൾ
- ആഗസ്റ്റ് 25 മാതൃസംഘം ഫൊറോനതല സാഹിത്യമത്സരങ്ങൾ : മിഷൻ ക്വിസ്, പ്രബന്ധം.
- പ്രബന്ധ വിഷയം : ഭാരതസഭയ്ക്ക് കേരളസഭയുടെ പ്രേഷിതസംഭാവ നകൾ

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പാലക്കാട് സി.സി യുടെ 27-ാം വാർഷികം 31.05.2011 ചൊവ്വാഴ്ച പാലക്കാട് പാസ്റ്ററൽ സെന്റ റിൽവച്ച് നടത്തപ്പെട്ടു. രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവ് പരിപാടികൾ ഉദ്ഘാടനം ചെയ്തു. സി.സി. പ്രസിഡന്റ് ബ്ര. റ്റി.റ്റി. ചാക്കോ അദ്ധ്യക്ഷത വഹിച്ചു. നാഷണൽ കൗൺസിലിന്റെ കാനോനൈസേഷൻ





ഓഫീസർ ബ്ര. അഡ്വ. ജസ്റ്റിൻ ഡേവിഡ് മുഖ്യപ്രഭാഷണം നടത്തി. ബഹു. ഫാ. സെബാസ്റ്റ്യൻ മംഗലൻ വി. കുർബാനയർപ്പിച്ചു. ടി. ജീനാ ജെയിംസ്, എബിൻ രാജു എന്നിവർക്ക് സി.ജെ. ആന്റണി മാസ്റ്റർ എൻഡോവ്മെന്റ് സ്കോളർഷിപ്പുകൾ യോഗത്തിൽവച്ച് വിതരണം ചെയ്തു. റ്റി.റ്റി. ഔസേപ്പ് റിപ്പോർട്ട് വായിക്കുകയും ബ്ര. എ.സി. ജോസ് കണക്ക് അവതരിപ്പിക്കു കയും ചെയ്തു. ബ്ര. തോമസ് നെടിയകാലായിൽ സ്വാഗതം ആശംസിച്ചു. നന്ദിപ്രകടനത്തോടെ യോഗം അവസാനിച്ചു.

**ഫാ. സെബാസ്റ്റ്യൻ മംഗലൻ**
ഡയറക്ടർ, വിൻസെന്റ് ഡി പോൾ

# കെ. സി. എസ്. എൽ

**പഠനകാലം**

കൂട്ടുകാരേ, അവധിക്കാലം കഴിഞ്ഞു. ഇനി പഠനത്തിന്റെ തിരക്കിലേക്ക് പ്രവേശിക്കാൻ സമയമായി. ഈശോയോടൊപ്പം ഇരുന്ന് പഠിക്കാൻ തുട ങ്ങണം. തിരക്കുപിടിച്ച പഠനത്തിടയിലും കെ.സി.എസ്.എൽ. പ്രവർത്തന ങ്ങളിൽ കൂടുതൽ സജീവരാകാം. എല്ലാ വിജയാശംസകളും നേരുന്നു.

**രൂപതാതല ഉദ്ഘാടനം**

കെ.സി.എസ്.എൽ. രൂപതാതല ഉദ്ഘാടനം ജൂലൈ 9 ശനിയാഴ്ച പാസ്റ്റ റൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. എല്ലാ സ്കൂളുകളിലെയും കെ.സി.എ സ്.എൽ. കൂട്ടുകാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

എല്ലാ രൂപതാ ഭാരവാഹികകളും ആനിമേറ്റേഴ്സും ഉദ്ഘാടനസമ്മേള നത്തിൽ സംബന്ധിക്കേണ്ടതാണ്. രൂപതാ കെ.സി.എസ്.എൽ. വിദ്യാർത്ഥി ഭാരവാഹികളെയും പ്രത്യേകം ക്ഷണിക്കുന്നു. അന്നുതന്നെ ആനിമേറ്റേ ഴ്സിന്റെ മീറ്റിംഗും ഉണ്ടായിരിക്കും.

**അഭിനന്ദനങ്ങൾ**

രൂപതാതല ഉദ്ഘാടന സമ്മേളനത്തിൽ എസ്.എസ്.എൽ.സി., ഹയർസെ ക്കണ്ടറി പരീക്ഷകളിൽ എല്ലാ വിഷയത്തിലും എ+ നേടിയ കുട്ടികളെയും കലാകായിക സാഹിത്യ വിദ്യാഭ്യാസ മേഖലകളിൽ സംസ്ഥാനതലത്തിൽ അവാർഡ് നേടിയ പ്രതിഭകളേയും ആദരിക്കുന്നു. കുട്ടികളുടെ പേരുകൾ എത്രയും വേഗം രൂപതാ കെ. സി.എസ്.എൽ. ഓഫീസിൽ അറിയിക്കുമല്ലോ.

**സംസ്ഥാന ആനിമേറ്റേഴ്സ് മീറ്റിംഗ്**

ജൂൺ 10, 11 തിയ്യതികളിൽ നടന്ന സംസ്ഥാനതല ആനിമേറ്റേഴ്സ് മീറ്റിം

ഗിൽ നമ്മുടെ രൂപതയിലെ 7 ആനിമേറ്റേഴ്സ് പങ്കെടുത്തു. പ്രത്യേകം അഭിനന്ദനങ്ങൾ.

**സ്കൂളുകളിൽ പ്രവർത്തനോദ്ഘാടനം**

ആഗസ്റ്റ് 15 -ാം തിയ്യതിക്കുള്ളിൽ സ്കൂളുകളിൽ അനുയോജ്യമായ ഒരു ദിവസം സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ച് പ്രവർത്തനോദ്ഘാടനം നടത്തുമല്ലോ.

**യാത്രാമൊഴി**

കെ.സി.എസ്.എൽ. സംഘടനയെ സ്വന്തമായി കാണുകയും അതിന്റെ വളർച്ചയ്ക്കുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്ത് നമ്മോടുകൂടെ ആയിരുന്ന ബഹു. ആന്റോ കീറ്റിക്കൽ അച്ചന് കെ.സി.എസ്.എൽ. കുടുംബാംഗങ്ങളുടെ നന്ദിയും പുതിയ പ്രവർത്തനമണ്ഡലത്തിൽ ദൈവാനുഗ്രഹങ്ങളും വിജയവും ആശംസിക്കുന്നു.

**ഫാ. ജിൻസ് പ്ലാത്തോട്ടത്തിൽ**
ഡയറക്ടർ, കെ.സി.എസ്.എൽ.

## പി. എസ്. എസ്. പി.

**ജനറൽബോഡി മീറ്റിംഗ്**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റി പാലക്കാടിന്റെ വാർഷിക ജനറൽ ബോഡിയോഗം 9.7.2011- ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 11 മണിക്ക് ചേരുന്നതാണ്.

**ജില്ലാ വിമെൻസ് ഫെഡ് മീറ്റിംഗ്**

06.07.2011 ബുധനാഴ്ച ജില്ലാ വിമെൻസ് ഫെഡ് മീറ്റിംഗ് പി.എസ്.എസ്.പിയിൽ വച്ച് 11 മണിക്ക് നടത്തപ്പെടുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 08.07.11 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 02.00pm |
| 11.07.11 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പാസ്റ്ററൽ സെന്റർ | 11.00am |
| 13.07.11 | ബുധൻ | മണ്ണാർക്കാട് | വെള്ളത്തോട് ദീപ്തി സമാജം | 11.00am |
| 14.07.11 | വ്യാഴം | ശ്രീകൃഷ്ണപുരം | കിളിക്കുന്ന് ഐശ്വര്യ സമാജം | 11.00am |
| 16.07.11 | ശനി | ആലത്തൂർ | FCC വടക്കഞ്ചേരി | 11.00am |
| 18.07.11 | തിങ്കൾ | അട്ടപ്പാടി | റീജിയണൽ ഓഫീസ്, ഗൂളിക്കടവ് | 11.00am |
| 20.07.11 | ബുധൻ | നെന്മാറ | നെന്മാറ പാരിഷ് ഹാൾ | 11.00am |
| 22.07.11 | വെള്ളി | ചിറ്റൂർ | പെരുമാട്ടി പഞ്ചായത്ത് ഓഫീസ് | 11.00am |

**റീജിയണൽ ഓഫീസ് ദിനങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 16.07.11 | ശനി | വടക്കഞ്ചേരി FCC | 11.00 am to 2.00pm |
| 18.07.11 | തിങ്കൾ | ഗൂളിക്കടവ്, അട്ടപ്പാടി | 11.00 am to 2.00pm |
| 19.07.11 | ചൊവ്വ | സാൻജോ ടവർ, പാലക്കാട് | 11.00 am to 2.00pm |
| 20.07.11 | ബുധൻ | നെന്മാറ പാരിഷ് ഹാൾ | 11.00 am to 2.00pm |
| 21.07.11 | വ്യാഴം | കരിമ്പ പാരിഷ് ഹാൾ | 11.00 am to 2.00pm |

**തൊഴിൽപരിശീലനം**

നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ വിപണന പരിശീലനം ജൂലൈ 8,9 തിയ്യതികളിൽ നെന്മാറ പാരിഷ് ഹാളിൽവച്ച് നടത്തുന്നു.

**സംഘം ഭാരവാഹികളുടെ പരിശീലനം**

02.07.2011 ശനിയാഴ്ച ആലത്തൂർ ബ്ലോക്കിനുവേണ്ടി ചെറുപുഷ്പം സ്കൂൾ വടക്കുഞ്ചേരിയിൽവച്ച്

07.07.2011 വ്യാഴാഴ്ച അട്ടപ്പാടി ബ്ലോക്കിനുവേണ്ടി ഗൂളിക്കടവ് ന്യൂ മില്ലേനിയം പാരിഷ് ഹാളിൽവച്ച്

**LIC Micro Insurance.**

സാധാരണക്കാർക്ക് ദീർഘ വീക്ഷണത്തോടെ ഒരു സമ്പാദ്യം മുന്നിൽ കണ്ടുകൊണ്ട് കുറഞ്ഞ പ്രീമിയത്തിൽ ഒരു നിക്ഷേപ പദ്ധതി (ജീവൻ മധുർ) LIC മൈക്രോ ഇൻഷൂറൻസുമായി ചേർന്ന് പി.എസ്.എസ്.പി. നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ചേരാനാഗ്രഹിക്കുന്നവരും ഏജന്റായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരും പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന ഒരു മെഡി ക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 300 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 450 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും, വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

# KERALA LABOUR MOVEMENT

**കത്തോലിക്ക സഭയുടെ സാമൂഹ്യ സുരക്ഷക്കായി പ്രത്യേകപദ്ധതി**

പി.എസ്.എസ്. പി. കേരള ലേബർ മൂവ്മെന്റുമായി സഹകരിച്ചുകൊണ്ട് നമ്മുടെ വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്നവർ,ദേവാലയങ്ങളിലെ വിവിധ ശുശ്രൂഷികൾ എന്നിവരുടെ സാമൂഹ്യ സുരക്ഷക്കായി 'സുരക്ഷ' എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു.

ലൈഫ് ഇൻഷുറൻസ്, റിട്ടയർമെന്റ് ആനുകൂല്യം, പെൻഷൻ എന്നിവ യാണ് 'സുരക്ഷ' പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്രസർക്കാ രിന്റെ 'സ്വാവലംബൻ' പദ്ധതിയുടെ ആനുകൂല്യം ഇതിൽ ഉൾച്ചേർത്തിട്ടു ണ്ട്. എൽ.ഐ.സി.യുടെ ലൈഫ് ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്തി സാധാരണ മരണത്തിന് 30,000 രൂപയും അപകട മരണത്തിന് 45,000 രൂപയും ആശ്വാസധനമായി അവകാശിക്ക് ലഭിക്കും. അപകടത്തിന്റെ ഭാഗ മായി പൂർണ്ണമായ തളർച്ച ബാധിച്ചാലും 75,000 രൂപ സഹായ ധനമായി ലഭിക്കുന്നതാണ്. 60 വയസ്സ് പൂർത്തിയാകുമ്പോൾ പെൻഷൻ ഫണ്ടിൽ അംഗ ത്തിന്റെ അക്കൗണ്ടിലുള്ള തുകയുടെ 40% വരെ പരമാവധി പിൻവലിക്കാ വുന്നാണ്. ബാക്കിയുള്ള തുകയുടെ ആനുപാതികമായി പ്രതിമാസ പെൻഷൻ ലഭിക്കും. ഏറ്റവും കുറഞ്ഞ പ്രതിമാസ പെൻഷൻ 1000 രൂപയാ യിരിക്കും. ഈ പരിധി കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ പുതുക്കിനിശ്ച യിച്ചിരിക്കുന്നതാണ്. ആവശ്യമെങ്കിൽ ഒരു ജീവനക്കാരന് 60 വയസ്സാകു ന്നതിന് മുമ്പ് പെൻഷൻ പദ്ധതിയിൽ നിന്നും വിരമിക്കാവുന്നതാണ്. ഏറ്റവും കുറഞ്ഞ പെൻഷൻ തുകയായ 1000 രൂപ പ്രതിമാസ പെൻഷൻ ലഭിക്കാ നാവശ്യമായ തുക കഴിച്ച് ബാക്കിയുള്ള സംഖ്യ ലഭിക്കുന്നതാണ്. പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നയാൾ മരണപ്പെട്ടാൽ കുടുംബപെൻഷൻ ലഭിക്കുന്നതായിരിക്കും. കുടുംബപെൻഷൻ ആവശ്യമില്ലാത്തവർക്ക് അക്കൗ ണ്ടിലുള്ള തുക തിരികെ ലഭിക്കുന്നതാണ്. 18 വയസ്സ് മുതൽ 54 വയസ്സുവ രെയുള്ള സഭാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ദേവാലയ ശുശ്രൂഷികൾ എന്നിവർക്ക് അംഗത്വം എടുക്കാം. കേന്ദ്രസർക്കാർ പ്രൊവിഡന്റ് ഫണ്ടിൽ അംഗത്വം ഇല്ലാത്തവരായിരിക്കണം. കേന്ദ്ര സർക്കാരിന്റെ പെൻഷൻഫണ്ട് അതോറിറ്റി മുമ്പാകെ അംഗങ്ങൾ കെ.എൽ.എം/വിഫ് വഴി രജിസ്റ്റർ ചെയ്യണം. 50 രൂപയാണ് അംഗത്വ ഫീസ്. തൊഴിലെടുക്കുന്ന സ്ഥാപനം വഴി ജീവന ക്കാരന്റെ മേൽവിലാസത്തിൽ തന്നെ രജിസ്റ്റർ ചെയ്യാം. മൂന്നു സെറ്റ് ഫോറ ങ്ങൾ പൂരിപ്പിച്ചു നൽകണം. രജിസ്റ്റർ ചെയ്യപ്പെട്ടതിനു ശേഷം സുരക്ഷ





യുടെ അംഗത്വ കാർഡും, സർക്കാരിന്റെ പ്രാൺ (PRAN) കാർഡും ഓരോ അംഗത്തിനും ലഭിക്കുന്നതാണ്.

KLM പാലക്കാടിന്റെ ആഭിമുഖ്യത്തിൽ 'സുരക്ഷ' നമ്മുടെ രൂപതയിൽ നടപ്പിലാക്കിവരുന്നു. പി.എസ്.എസ്. പി ഓഫീസുമായി ബന്ധപ്പെടുക.

കെ.എൽ.എം പാലക്കാടിന്റെ ആഭിമുഖ്യത്തിൽ മേലാർക്കോട്, വടക്ക ഞ്ചേരി, മംഗലംഡാം ഫൊറോനകളിലെ ഇടവകാംഗങ്ങൾക്കായി നിർമ്മാ ണതൊഴിലാളി ക്ഷേമനിധി, കർഷകതൊഴിലാളി ക്ഷേമനിധി, ചെറുകിട തോട്ടം (റബ്ബർ)തൊഴിലാളി ക്ഷേമനിധി, തയ്യൽതൊഴിലാളി ക്ഷേമനിധി എന്നീ തൊഴിലാളി ഫോറങ്ങളുടെ കമ്മിറ്റികൾ രൂപീകരിച്ചു. കമ്മറ്റി അംഗ ങ്ങളുടെ നേതൃത്വത്തിൽ അതത് ഇടവകകൾ കേന്ദ്രീകരിച്ച് ക്ഷേമനിധി കളിലേക്ക് തൊഴിലാളികളെ രജിസ്റ്റർ ചെയ്തുവരുന്നു. കെ.എൽ.എം സംസ്ഥാന പ്രതിനിധികളായ ശ്രീ. E.P ജോസ് തൃശൂർ, ശ്രീ ബാബു തണ്ണി ക്കോട് എറണാകുളം, ശ്രീ കെ.വി.ജോണി ഇരിഞ്ഞാലക്കുട രൂപതാ പ്രസി ഡണ്ട് ശ്രീ സന്തോഷ് അറയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

## കൗൺസിലിംഗ് കോഴ്സ്

ഫാമിലി വെൽനെസ് സെന്ററിൽ ജൂലൈ 3 മുതൽ തുടങ്ങുന്ന 16-ാം ബാച്ച് കൗൺസിലിംഗ് കോഴ്സിൽ മനഃശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ കൗൺസിലിംഗും പരിശീലനവും നൽകുന്നു.150 മണി ക്കൂറുകൾ കൊണ്ട് പൂർത്തിയാകുന്ന ഈ കോഴ്സ് ഞായറാഴ്ചകളിൽ 2.00 മുതൽ 5.30 മണിവരെയാണ്.

ആധുനിക ലോകത്ത് മാനസിക സംഘർഷങ്ങളും താളപ്പിഴകളും വ്യക്തിയുടെ പ്രവർത്തനങ്ങളെയും ജീവിത രീതികളേയും തകിടം മറിക്കുന്ന സാഹചര്യത്തിൽ കൗൺസലിംഗിന് പ്രാധാന്യം ഏറിവരിക യാണ്. കുടുംബങ്ങൾ, വിദ്യാലയങ്ങൾ, കലാലയം, ആതുരാലയങ്ങൾ, മനോരോഗചികിത്സാകേന്ദ്രങ്ങൾ, ബിസിനസ് സാഹചര്യങ്ങൾ, വ്യവ സായ മേഖലകൾ, വ്യക്തിഗത പ്രശ്നങ്ങൾ എന്നിവയ്ക്ക് കൗൺസി ലിംഗ് ആവശ്യമാണ്. കൗൺസിലിംഗ് കോഴ്സിന് ചേരാൻ താല്പര്യ മുള്ളവർ 0491 2530680, 9846675686 എന്ന നമ്പറുകളിലോ താഴെ കൊടു ത്തിരിക്കുന്ന വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

**Family Wellness Centre, I.F.D.F.,**
**Kunnathurmedu, Palakkad- 678 013**

# From the Bishop's Diary

**2011 മെയ്**

23-26 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കൂടിയ സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച സിനഡിൽ സംബന്ധിച്ചു.

27 - രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

28 - പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട മതാദ്ധ്യാപക സമ്മേളനത്തിൽ പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

29 - കഞ്ചിക്കോട് ഗുഡ് ഷെപ്പർഡ് ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

- എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ പുതിയ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങുകളിൽ സംബന്ധിച്ചു.

30 - രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

31 - പാസ്റ്ററൽ സെന്ററിൽ വിൻസെന്റ് ഡി പോൾ സംഘടനയുടെ സെൻട്രൽ കൗൺസിലിന്റെ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു.

- മുണ്ടൂർ യുവക്ഷേത്ര ഹോട്ടൽമാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് പഠനം പൂർത്തിയാക്കി വിദേശത്തേക്കും മറ്റുസ്ഥലങ്ങളിലേക്കുമായി ജോലിക്ക് പോകുന്നവർക്ക് നൽകപ്പെട്ട യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

**2011 ജൂൺ**

1 - ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

- ചന്ദ്രനഗർ ഡോട്ടേഴ്സ് ഓഫ് ഡിവൈൻ പ്രൊവിഡൻസ് സന്യാസഭവനത്തിലെ നൊവീസസിന് ക്ലാസ്സെടുത്തു.

3 - രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

4 - വള്ളിയോട് സെന്റ്മേരീസ് പോളി ടെക്നിക് കോളേജിന്റെ പ്രിൻസിപ്പൽ നിയമന ഇന്റർവ്യൂ നടത്തി.

5 - രാജഗിരി സേക്രട്ട് ഹാർട്ട് ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.





- ജോസ്ഗിരി സെന്റ് ജോസഫ് ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

6 - രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

7-9 പാലാരിവട്ടം പി.ഒ.സിയിൽ കൂടിയ കെ.സി.ബി.സി. സിനഡിൽ സംബന്ധിച്ചു.

9 - താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

11 - പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ട ബി.ടി.സി. കോഴ്സിൽ സംബന്ധിച്ച മതാദ്ധ്യാപകർക്ക് സന്ദേശം നല്കി.

- കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

12 - സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ശുശ്രൂഷചെയ്യുന്ന സി.എം.സി. സിസ്റ്റേഴ്സിന്റെ ഭവനം ആശീർവ്വദിച്ചു.

- ഷോളയൂർ സെന്റ് ആന്റണീസ് ഇടവകവയിൽ പുതുതായി നിർമ്മിച്ച കപ്പേള ആശീർവ്വദിച്ചു. വി. കുർബാനയർപ്പിച്ചു സന്ദേശം നല്കി.

- ഷോളയൂർ മർത്ത സന്യാസിനി സമൂഹത്തിന്റെ പുതുതായി നിർമ്മിച്ച മഠം വെഞ്ചരിച്ചു.

13 - വള്ളിയോട് സെന്റ് മേരീസ് പോളിടെക്നിക് കോളേജ് സന്ദർശിച്ചു.

14 - രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

16 - അരമനയിൽ രൂപതാ കൺസൾട്ടേഴ്സ് മീറ്റിംഗിലും പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിലും ആദ്ധ്യക്ഷ്യം വഹിച്ചു.

- മുണ്ടൂർ യുവക്ഷേത്ര കോളേജ് സന്ദർശിച്ചു.

17 - ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ രൂപതാതല ഉദ്ഘാടനം കാണിക്കമാതാസ്കൂളിൽ നിർവ്വഹിച്ചു.

18. - തിരുബാലസഖ്യത്തിന്റെയും അൾത്താരസംഘത്തിന്റെയും ലീഡർമാരുടെ സംഗമം പാസ്റ്ററൽ സെന്ററിൽവച്ച് ഉദ്ഘാടനം ചെയ്തു. തിരുബാലസഖ്യത്തിന്റെ വാർഷിക പ്രവർത്തനരേഖ പ്രകാശനംചെയ്തു.

- പാസ്റ്ററൽ സെന്ററിൽ കെ.സി.വൈ.എം. സെമിനാറിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

20 - വിദേശത്തേക്ക് പുറപ്പെട്ടു.